മാതാപിതാക്കൾക്ക് ഇക്കാര്യത്തിൽ സാരമായ പങ്കു വഹി ക്കാൻ കഴിയും. കഥകളിലൂടെയും സാരോപദേശങ്ങൾ പകരുന്ന കളികളിലൂടെയും ബാല്യത്തിൽതന്നെ ഈ മൂല്യ ങ്ങൾ കുട്ടികളിൽ ഊട്ടിയുറപ്പിക്കണം. അന്തസ്സും നന്മ യുമുള്ള പെരുമാറ്റം കുട്ടികൾ ശീലിക്കണം. ചെറുപ്പം മുതൽക്കേ ഉത്തരവാദപ്പെട്ട ജോലികൾ കുട്ടികളെ ഏൽ പ്പിക്കുകയും അവ കൃത്യതയോടെ അനുഷ്ഠിക്കുന്ന തിന് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേ ണ്ടതിന് അനിവാര്യമാണ്. തങ്ങൾ ചെയ്യുന്ന എത്ര ചെറിയ കാര്യവും അർഹമായ പ്രാധാന്യത്തോടെ ചെയ്യണമെന്ന ബോധം അവർക്കു പകർന്നു കൊടു ക്കണം.

കുട്ടികൾ തെറ്റു ചെയ്യുമ്പോൾ കഠിനമായി ശിക്ഷി ക്കുകയും നിശിതമായി വിമർശിക്കുകയും ചെയ്യുന്ന തിനു പകരം ശാന്തമായി. ക്ഷമയോടെ അവരെ തിരു ത്തുകയാണ് വേണ്ടത്. മുതിർന്നവർ കുട്ടികൾ ക്കൊരു മാതൃകയാകാൻ ശ്രമിക്കണം. മുതിർന്നവരു ടെ വിവേകപൂർണ്ണമായ സമീപനം കുട്ടികളിൽ സ്വയ മറിയാതെ തന്നെ മൂല്യങ്ങളുടെ വേരുറപ്പിക്കും.

സാന്മാർഗ്ഗികമൂല്യങ്ങൾ ഉൾക്കൊണ്ട ഒരു തലമുറ രാഷ്ട്രത്തിന്റെ സമ്പത്താണ്. മനുഷ്യത്വവും വിശാലവീ ക്ഷണവും ഉന്നത ചിന്തയുമുള്ള ഒരു തലമുറ സൃഷ്ടി ക്കപ്പെടേണ്ടത് കാലത്തിന്റെ ആവശ്യമാണ്. നമ്മുടെ രാജ്യത്തെ പരമോന്നതിയിലേക്കു നയിക്കാനും ലോക നന്മയ്ക്കായി പ്രവർത്തിക്കാനും സജ്ജരായ തലമുറ ഏതൊരു രാജ്യത്തിന്റെയും മുതൽക്കൂട്ടാണ്.



നന്ദന രാജേഷ്
– 10 എ

സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങളും ഇന്നത്തെ രാഷ്ട്രീയ സാംസ്കാരിക പശ്ചാത്തലത്തിൽ





നന്ദകൃഷ്ണൻ വി.
– 11 ബി

'ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം. നമ്മുടെ ഉറക്കം കെടുത്തുന്നതെന്തോ, അതാണ് സ്വപ്നം', ഇന്ത്യയുടെ മിസ്സൈൽമാനായ എ. പി. ജെ. അബ്ദുൾ കലാമിന്റെ വാക്കുകളാണിവ. സ്വപ്നവും യാഥാർത്ഥ്യവും തിരിച്ചറിയാനും സത്യങ്ങളെ അംഗീകരിക്കാനും വെമ്പുന്ന ഒരു കാലഘട്ടത്തിൽ ഈ വാക്കുകൾ പ്രസക്തമാകുന്നു. ഈ വിഷയം കാലികപ്രസക്തി നേടുന്നു.

രാഷ്ട്രത്തെ സംബന്ധിച്ചതെന്തോ അതാണ് രാഷ്ട്രീയം എന്നാണ് നാം വിശ്വസിച്ചിരുന്നത്, എന്നാൽ അതിന്റെ നിർവ്വചനങ്ങൾ ഇന്ന് പൊളിച്ചെഴുതപ്പെട്ടിരിക്കുന്നു. പുത്തൻ സാങ്കേതികവിദ്യാരംഗത്തു നാം ചുവടുറപ്പിക്കുമ്പോൾ സ്വപ്നങ്ങളെല്ലാം യാഥാർത്ഥ്യങ്ങളിലേക്കു വഴി മാറുന്നത് നമുക്കു കാണാം. എന്നാൽ ഇത്തരം പുത്തൻ പരിഷ്കാരങ്ങളിലെ നൂതനപ്രവണതകൾ പോലും വലിയ വിപത്തിലേക്കു നയിക്കുന്നു. വർത്തമാനകാലത്ത് ഒരുവനും അവനവന്റേതായ ഇടമില്ല എന്നതാണ് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. മാദ്ധ്യമസംസ്കാരം വിദഗ്ധമായി വിരിച്ച അദൃശ്യമായ വലയിൽ നാം കുരുങ്ങിയിരിക്കുന്നു.

ഈയടുത്ത കാലത്ത് നമ്മെ നടുക്കിക്കളഞ്ഞ ഒരു വാർത്തയുണ്ട്. കൊച്ചിയിൽ ഒരു ഐ.ഐ.ടി വിദ്യാർത്ഥി ജീവനൊടുക്കി എന്നതായിരുന്നു അത്. കാരണമന്വേഷിച്ചെത്തിയ പോലീസ് കണ്ടെത്തിയത് ആ കുട്ടി മയക്കുമരുന്നിന് അടിമയായിരുന്നു എന്നതാണ്. ലഹരിവിമുക്തമായ ഒരു സംസ്കാരിക മേഖല ഇന്നും വിദൂരസ്വപ്നമായി അവശേഷിക്കുന്നു.

പ്രതിഭാധനരായ ഒട്ടനവധി യുവതീയുവാക്കൾ നമ്മുടെ രാഷ്ട്രത്തിന്റെ വിലപ്പെട്ട സമ്പത്താണ്. എന്നാൽ അവസരങ്ങളുടെ ഗണ്യമായ കുറവും താരതമ്യേന കുറഞ്ഞ ശമ്പളപരിധിയും ജോലിഭാരവും ഇവരെ വിദേശരാജ്യങ്ങളിലേക്കു ചേക്കേറാൻ പ്രേരിപ്പിക്കുന്നു. പുത്തൻ തൊഴിൽരംഗങ്ങൾ ഇവിടെ ആവിഷ്കരിക്കപ്പെടാത്തതും ഇതിനു വഴിയൊരുക്കുന്നു. നമ്മുടെ രാജ്യത്തിന്റെ സുസ്ഥിരവികസനത്തിന് ഇത് വലിയൊരു വിലങ്ങുതടിയാകുന്നു. യഥാർത്ഥത്തിൽ നമ്മുടെ വിഭവശേഷിയും മാനവശേഷിയും സമഞ്ജസമായി സമന്വയിപ്പിച്ചാൽ അത് രാജ്യത്തെ പുരോഗതിയിലേക്കു നയിക്കുമെന്ന് നിസ്സംശയം പറയാം.

ഒരു പ്രശ്നത്തിനുള്ള ഏറ്റവും നല്ല പരിഹാരം അതിന്റെ മൂലകാരണത്തിൽ നിന്നാണ് ഉരുത്തിരിയുക എന്ന് ഗ്രീക്ക് തത്വചിന്തകനായ അരിസ്റ്റോട്ടിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ നാട്ടിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾക്കെതിരെ പോരാടാനും ക്രിയാത്മകമായി അതിനെ നേരിടാനുള്ള രാഷ്ട്രീയ സംസ്കാരികാന്തരീക്ഷം ഉടലെടുക്കേണ്ടത് തികച്ചും അത്യന്താപേക്ഷിതമാണ്. സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുവാൻ അണി ചേരുവാൻ ഓരോ പൗരനും മുൻകൈയെടുക്കണം.

"മാറ്റുവിൻ ചട്ടങ്ങളെ, സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ" എന്ന

കുമാരനാശാന്റെ ചിന്തോദ്ദീപകങ്ങളായ വരികൾ വരും തലമുറയ്ക്കായി നല്ലൊരു വർത്തമാനകാലം സൃഷ്ടിച്ചെടുക്കാൻ നാമോരുത്തരും പ്രതിജ്ഞാബദ്ധരാണ് എന്നു നമ്മെ ഓർമ്മിപ്പിക്കുന്നു. അതിലേയ്ക്ക് നയിക്കാനും നയിക്കപ്പെടാനുമുള്ള കരുത്താണ് അനിവാര്യം. നമ്മുടെ പൂർവ്വികർ പടുത്തുയർത്തിയ അടിത്തറ നശിപ്പിക്കാതെ അതിനു മുകളിൽ ഒരു കൊട്ടാരം സൃഷ്ടിക്കുക എന്നതാണ് നമ്മുടെ ദൗത്യം. അത്തരം ഒരു വരും കാലത്തിന് സാക്ഷ്യം വഹിക്കാൻ ഇടവരട്ടെ.

പൂന്തോട്ടം



അക്ഷര കിഷോർ
– 3 എ

ഞങ്ങൾക്കുണ്ടൊരു പൂന്തോട്ടം
പൂക്കൾ നിറഞ്ഞൊരു പൂന്തോട്ടം
മുറ്റം നിറയെ പൂത്തു വിളങ്ങും
മലരുകളുള്ളോരു പൂന്തോട്ടം

പകലോനുദിച്ചിടും നേരത്ത്
പനിമഞ്ഞുരുകും കാലത്ത്
പതിയെ വിരിഞ്ഞു വിലസീടും
പൂക്കൾ നിറഞ്ഞൊരു പൂന്തോട്ടം

പലനിറമലരുകൾ വിടരുന്നു
പലതരഗന്ധമതുയരുന്നു
പതിയെ ഒഴുകുമിളങ്കാറ്റിൽ
പരിമളം കാറ്റിൽ പരക്കുന്നു

അന്തിവെയിലൊന്നു ചായുമ്പോൾ
മാനം ചെന്നിറമണിയുമ്പോൾ
മലരുകൾ ചെറിയൊരു നാണത്താൽ
മിഴികൾ കൂമ്പിയടയ്ക്കുന്നു.

നക്ഷത്രം

രാവിലെ വരികില്ലീ നക്ഷത്രം
പകലും വരികില്ലീ നക്ഷത്രം
രാത്രി വരുമീ നക്ഷത്രം
തെളിഞ്ഞു നില്ക്കും നക്ഷത്രം

അമ്പിളിമാമന്റെ അടുത്തിരിക്കും
രാവിലെയാകുമ്പോൾ അണഞ്ഞുപോകും
എന്നുടെ പ്രീയചങ്ങാതിയാം താരമേ
നിനക്കായി ഞാനിതാ കാത്തിരിക്കുന്നു.




ദിയ നായർ
– 4 എ

പൂമ്പാറ്റ

പൂവിലിരിക്കും സുന്ദരിപ്പൂമ്പാറ്റ
പൂന്തേനുണ്ണും സുന്ദരിയാമൊരു പൂമ്പാറ്റ
പൂമ്പൊടി പൂശും പൂമ്പാറ്റ
പൂഞ്ചിറകുള്ളൊരു പൂമ്പാറ്റ
പൂമാനത്തു പാറി നടക്കും പൂമ്പാറ്റ



അനിരുദ്ധ് രാജീവ്
– 3 ബി



നക്ഷത്രം



ഹൃദ്യ പ്രസാദ്
– 4 ബി


നക്ഷത്രമേ, നീയൊരു വെള്ളിവിളക്ക്
രാത്രി ആകാശത്തു തിളങ്ങി നിൽക്കും
കൺചിമ്മി ചിരിതൂകി വിളങ്ങി നിൽക്കും
ആകാശത്തിൻ ചെറുചങ്ങാതി
ദൂരെ നിൽക്കും, എങ്കിലും അടുത്തു വന്ന്
സ്വപ്നങ്ങൾ പകരും

അതിനൊരു കാലം .... ഇതിനൊരു കാലം...

ഒരിക്കൽ രജതസേനരാജാവിന്റെ രാജ്യം ശത്രുക്കൾ ആക്രമിച്ചു. ശുത്രുക്കൾ വളരെ ശക്തരായതുകൊണ്ട് രാജാവ് ഓടി രക്ഷപെട്ടു. ദിവസങ്ങൾ പിന്നിട്ടു. 'ഹാവൂ! എന്തൊരു ക്ഷീണം' ഇങ്ങനെ പറഞ്ഞു കൊണ്ട് അയൽ രാജ്യത്തെത്തിയ രജതസേനൻ കൊട്ടാരവാതിലനടുത്തുള്ള ഒരു വൃക്ഷത്തണലിലിരുന്നു. അവിടുത്തെ രാജാവിന്റെ പേര് വീരബാഹു എന്നായിരുന്നു. 'പറയു, താങ്കൾക്ക് എന്തു വേണം?' വീരബാഹു രജതസേനനോടു ചോദിച്ചു. രജതസേനന് ക്ഷീണത്താൽ ഒരു വാക്കു പോലും മിണ്ടാനായില്ല. സഹതാപം തോന്നിയ വീരബാഹു അയാൾക്ക് വിശപ്പടക്കാൻ ഭക്ഷണം നല്കാൻ കല്പിച്ചു. അയാളെ തന്റെ അംഗരക്ഷകനാക്കുകയും ചെയ്തു. ഒരിക്കൽ വീരബാഹു പല്ലക്കിൽ സഞ്ചരിക്കുമ്പോൾ 'അതിനൊരു കാലം ഇതിനൊരു കാലം' എന്ന് രജതസേനൻ ആത്മഗതം പറയുന്നതു കേട്ടു. ഉടൻ പല്ലക്കിൽ നിന്നിറങ്ങിയ വീരബാഹു അതിന്റെ അർത്ഥമെന്താണെന്നു ചോദിച്ചു. അങ്ങനെ രജതസേനന് തന്റെ കഥ മുഴുവൻ വീരബാഹുവിനോടു പറയേണ്ടി വന്നു.

'ഓഹോ! എങ്കിൽ ഞാൻ അങ്ങയെ രാജാവായി വാഴിക്കുക തന്നെ ചെയ്യും'. വീരബാഹു പ്രഖ്യാപിച്ചു. അദ്ദേഹം ശുത്രുവിനോടു പടവെട്ടി, രാജ്യം വീണ്ടെടുത്ത് രജതസേനനു നല്കി. 'നന്ദി മിത്രമേ' - രജതസേനൻ പറഞ്ഞു.

സാരം:- *ജീവിതത്തിൽ ഗുണവും ദോഷവും മാറിമാറി വരും. അവ അനുഭവക്കേണ്ട കാലത്ത് അനുഭവിക്കുക തന്നെ വേണം.*



മിന്ന മേരി ജോർജ്ജ്
– 4 എ

നല്ല കൂട്ടുകാർ

'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട' എന്നാണല്ലോ പഴമൊഴി. അതിനാൽ നല്ല കൂട്ടുകാരെ തിരിച്ചറിയുക എന്നത് വളരെ അത്യാവശ്യമാണ്. എങ്ങനെ യഥാർത്ഥ കൂട്ടുകാരെ തിരിച്ചറിയാം? നമ്മുടെ സഹായത്തിന് എപ്പോഴും കൂടെ നില്ക്കുന്നവരാണ് യഥാർത്ഥ കൂട്ടുകാർ. അവരുടെ ആവശ്യങ്ങൾ സാധിക്കാൻ വേണ്ടി മാത്രം കൂട്ടുകുടുന്നവർ നല്ല കൂട്ടുകാരല്ല. നല്ലകൂട്ടുകാർ നമുക്ക് തെറ്റും ശരിയും ചൂണ്ടിക്കാണിച്ചു തരും. നമ്മുടെ സുഖത്തിലും ദുഃഖത്തിലും നമ്മോടൊപ്പം നില്ക്കും. ആപത്തിൽ നമ്മെ ചേർത്തു പിടിക്കും. അതുകൊണ്ട് കൂട്ടുകാരെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധാപൂർവ്വം ചെയ്യണം.



ജൊ ആഷ് ബിനു
– 4 എ



കൊറോണക്കാലം



ഞങ്ങൾ യൂ.കെ.ജി.യിൽ പഠിക്കുന്ന കാലം. ആദ്യമായി പിക്നിക് പോകുന്നതിന്റെ സന്തോഷത്തിലായിരുന്നു ഞങ്ങളെല്ലാവരും. അപ്പോഴാണ് ഇടിവെട്ടു പോലെ കേരളത്തിൽ കൊറോണ വന്ന് ഞങ്ങളുടെ പിക്നിക് മുടങ്ങിയത്. അപ്പോൾ എനിക്ക് അതിനോട് വലിയ ദേഷ്യം തോന്നി. മാർച്ചിലെ ഒരു ദിവസം സ്കൂളുകളെല്ലാം അടയ്ക്കുകയാണെന്നു പറഞ്ഞപ്പോൾ അതിയായ സന്തോഷം തോന്നി. പക്ഷേ കുറച്ചു ദിവസം കഴിഞ്ഞപ്പോഴാണ് എല്ലാവരെയും അത് വീട്ടിനുള്ളിൽ പൂട്ടിയിട്ടു എന്നു മനസ്സിലായത്. സ്കൂളുമില്ല, എങ്ങും പോകാനും പറ്റുന്നില്ല. പിന്നെ കൂട്ടുകാരെയും ടീച്ചർന്മാരെയും നേരിൽ കാണാതെ ക്ലാസ്സുകളും തുടങ്ങി. അങ്ങനെ രണ്ടുവർഷം വീട്ടിലിരുന്നു പഠിച്ചു. മൂന്നാം വർഷമാണ് സ്കൂളിൽ വന്ന് എല്ലാവരേയും കാണാനും ഒരുമിച്ചു സമയം ചെലവഴിക്കാനും പറ്റിയത്. അപ്പോൾ എല്ലാവർക്കും സന്തോഷമായി. പക്ഷേ, ആ കൊറോണ ഇപ്പോഴും പല രൂപത്തിലും പല ഭാവത്തിലും നമ്മെ പിന്തുടരുന്നു. നമ്മൾ അതിനോടു പൊരുതി ജീവിക്കുകയും ചെയ്യുന്നു.



ജീവ സാറാ ജിജോ
– 5 എ

സൗഹൃദത്തിന്റെ വില



അന്ന എം. ജോർജ്ജ്
– 6 ബി



ഒരിക്കൽ രണ്ടു കൂട്ടുകാർ മരുഭൂമിയിലൂടെ നടന്നുപോവുകയായിരുന്നു. ആ യാത്രയുടെ ഇടയിൽ അവർ തമ്മിൽ തർക്കം ഉണ്ടായി. ആ തർക്കത്തിന്റെ ഇടയിൽ ഒരു കൂട്ടുകാരൻ മറ്റേ കൂട്ടുകാരന്റെ മുഖത്ത് അടിച്ചു. അടികൊണ്ട കൂട്ടുകാരന് വല്ലാതെ വേദനിച്ചു. എങ്കിലും അവൻ ഒന്നും പറഞ്ഞില്ല. പകരം മരുഭൂമിയിലെ മണലിൽ എഴുതി - 'ഇന്നു എന്റെ പ്രിയ കൂട്ടുകാരൻ എന്റെ മുഖത്തു അടിച്ചു.' അങ്ങനെ അവർ യാത്ര തുടർന്നു.


യാത്രയുടെ ഇടയിൽ ദാഹിച്ചു വലഞ്ഞ അവർക്ക് ഒരു കുളം കണ്ടുപിടിക്കാൻ വേണ്ടി അവിടെയെല്ലാം തിരയാൻ തുടങ്ങി. അങ്ങനെ അവർ വെള്ളം തേടിപോയപ്പോൾ ആദ്യത്തെ അടിച്ചകൊണ്ട കൂട്ടുകാരൻ ഒരു ചളിക്കുഴിയിൽപ്പെട്ടു മുങ്ങാൻ തുടങ്ങി. എന്നാൽ അവനെ അടിച്ച അവന്റെ കൂട്ടുകാരൻ അവന്റെ ജീവൻ രക്ഷിച്ചു. എന്നിട്ട് രക്ഷപെട്ട കൂട്ടുകാരൻ അടുത്തുള്ള കല്ലിൽ എഴുതി 'ഇന്ന് എന്റെ പ്രിയ കൂട്ടുകാരൻ എന്റെ ജീവൻ രക്ഷിച്ചു.' അവനെ അടിച്ചിട്ടും പിന്നീടു ജീവൻ രക്ഷിച്ച അവന്റെ കൂട്ടുകാരൻ അവനോടു ചോദിച്ചു. 'ഞാൻ നിന്നെ വേദനിപ്പിച്ചപ്പോൾ നീ അത് മണലിൽ എഴുതി, എന്നാൽ ഇപ്പോൾ നിന്റെ ജീവൻ ഞാൻ രക്ഷിച്ചപ്പോൾ നീ അത് കല്ലിൽ എഴുതി?' എന്താണ് കാരണം?

കൂട്ടുകാരൻ പറഞ്ഞു *"ആരെങ്കിലും നമ്മെ വിഷമിപ്പിച്ചാൽ അത് മണലിൽ എഴുതണം. ക്ഷമയാകുന്ന കാറ്റ് അതിനെ മായ്ച്ചു കളയും. പക്ഷെ ആരെങ്കിലും നമുക്ക് നല്ലത് ചെയ്താൽ അത് കല്ലിൽ എഴുതണം. അത് ഒരിക്കലും മാഞ്ഞു പോകരുത്."*

എന്റെ പ്രിയപുസ്തകം



ഈഥൻ എൽദോ ഫിലിപ്പ്
– 7 ബി



ബെന്യാമിൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന ബെന്നി ഡാനിയേൽ എന്ന മികച്ച സാഹിത്യകാരൻ രചിച്ച നോവലാണ് ആടുജീവിതം. ഒരു യഥാർത്ഥ സംഭവത്തെ ആസ്പദമാക്കിയുള്ള കഥ. അറേബ്യയിലെ മരുഭൂമിയിൽ നജീബ്, ഹക്കീം എന്നീ പേരുകളുള്ള രണ്ടു മലയാളികൾ വർഷങ്ങളോളം ഒരു ആട്ടിൻ കൂട്ടിൽ കഴിഞ്ഞു കൂടിയതും അവർ അനുഭവിച്ച യാതനകളുമാണ് നോവലിന്റെ ഇതിവൃത്തം.

പകൽ സമയത്തെ കടുത്ത ഉഷ്ണവും അപ്രതീക്ഷിതമായി ആഞ്ഞടിക്കുന്ന മണൽകാറ്റും രാത്രികാലങ്ങളിലെ കനത്ത ശൈത്യവും സഹിച്ച് ആടുകളെയും ഒട്ടകങ്ങളെയും നോക്കി നടത്തി കാലങ്ങളോളും അവരവിടെ ജീവിച്ചു. എന്തെങ്കിലും ചെറിയ തെറ്റു പറ്റിയാൽ പോലും യജമാനന്റെ കടുത്ത ശിക്ഷകൾക്ക് അവർ ഇരയാകുമായിരുന്നു. ഇതിനിയിൽ പലതവണ അവർ രക്ഷപെടാൻ ശ്രമിക്കുകയും യജമാനൻ അവരെ വെടിവെച്ചിടാൻ നോക്കുകയും ചെയ്തിരുന്നു. എന്നാൽ ഭാഗ്യം കൊണ്ടവർ രക്ഷപെട്ടു. ഒരു ദിവസം അവരെ രക്ഷിക്കാൻ ദൈവദൂതൻ എന്നപോലെ ഇബ്രാഹീം എന്നൊരാൾ എത്തിച്ചേരുന്നു. പക്ഷെ പാതിവഴിയിൽ ഹക്കീം മരിക്കുകയും പിന്നീട് ഇബ്രാഹിമിനെ കാണാതാവുകയും ചെയ്തു.

അങ്ങനെ അവസാനം മരുഭൂമിയിലെ നരകയാതനകൾക്ക് അറുതി വരുന്നു. പാതിവഴിയിൽ ഹക്കീമിനോടു വിട പറഞ്ഞ് നജീബ് ഒറ്റയ്ക്ക് നാട്ടിൽ തിരിച്ചെത്തുകയും ചെയ്തു. ഇതാണ് കഥയുടെ ഉള്ളടക്കം.

ഓരോ താളും മറിക്കുമ്പോൾ കഥാപാത്രങ്ങളുടെ അനുഭവങ്ങൾ തങ്ങളുടേതു കൂടിയാണെന്ന് വായനക്കാർക്കു തോന്നുംവിധമുള്ള ആഖ്യാനശൈലിയിലൂടെ ഈ കൃതി സാഹിത്യലോകത്തും വായനക്കാരന്റെ മനസ്സിലും ചിരപ്രതിഷ്ഠ നേടുന്നു.



അക്ഷര രാജീവ്
– 7 ബി

രാത്രി

സന്ധ്യ അണയുന്നേരം നിശ മെല്ലെ
അടുക്കുന്നു
മഞ്ഞാൽ മൂടുന്ന നിശയിൽ
നിശ്ശബ്ദമായി ഉറങ്ങുന്ന പക്ഷികളും
തണുത്ത കാറ്റേറ്റു മയങ്ങും പൂക്കളും
എല്ലാം നിശ്ശബ്ദമാകുമ്പോൾ
ഞാനും ഒരു പറവയായ് അലിഞ്ഞു ചേരുന്നു.

നാളത്തെ പുലരിക്കായി കാത്തിരിക്കുന്ന
സൂര്യകാന്തികൾ
തലകുനിച്ചു നിൽക്കുന്നു
ആകാശത്തിൽനിന്നും പൊട്ടിവീഴുന്ന
നക്ഷത്രങ്ങൾ എവിടെയൊക്കെയോ
ചെന്നണയുന്നു
ഈ പൗർണ്ണമി ദിനത്തിൽ
ചിരിച്ചു നിൽക്കുന്ന
നിലാവിനെനോക്കി
എന്റെ കുട്ടിക്കാലം ഞാൻ
ഓർക്കുന്നു

എപ്പോഴും എൻ കൂടെ വരുന്ന
ആ നിലാവിനെ
ഒന്നു തൊടാൻ ഞാൻ
ആശിക്കുന്നു
ഈ മനോഹരമായ
കാഴ്ചകൾ കാണാൻ
ദൈവം എനിക്കിനി
എത്ര രാത്രി കൂടി തരും?

വാളും പരിചയും



ശ്രീഹരി
– 7 എ

ചന്ദ്രവർമ്മ രാജാവ് സമർഥനായ ഒരു യോദ്ധാവായിരുന്നു. അദ്ദേഹം കൊട്ടാരത്തിലെ ഒരു പ്രത്യേക മുറിയിൽ തന്റെ വാളും പരിചയും സൂക്ഷിച്ചിരുന്നു. ശത്രുക്കളോട് യുദ്ധം ചെയ്യുമ്പോൾ ഇവ കൈയ്യിലുണ്ടെങ്കിൽ ഒരിക്കലും പരാജയപ്പെടുമായിരുന്നില്ല. അദ്ദേഹത്തിന്റെ ഐശ്വര്യമായിരുന്നു ഇവ.




ഹാമിൽ
– 7 എ

ഒരു ദിവസം ശത്രുക്കളുമായി പോരാടുന്നതിനിടയിൽ ഒരു ശത്രുഭടന്റെ വെട്ടേറ്റ് രാജാവിന്റെ വാൾ ഒടിഞ്ഞു പോയി. പരിചയുടെ ശക്തമായ പ്രതിരോധം മൂലം രാജാവിന് അപടകമൊന്നും സംഭവിച്ചില്ല. യുദ്ധത്തിൽ ജയിക്കുകയും ചെയ്തു. കേടുവന്നെങ്കിലും വാളിനെ രാജാവ് ഉപേക്ഷിച്ചില്ല. പഴയ സ്ഥലത്തുതന്നെ സൂക്ഷിച്ചു.

തുടർന്നു വന്ന യുദ്ധങ്ങളിൽ രാജാവ് മറ്റൊരു വാളാണ് ഉപയോഗിച്ചിരുന്നത്. ഒടിഞ്ഞ വാളിനെ തൊട്ടുനോക്കുകപോലും ചെയ്തില്ല. ഇത്രനാളും കൂടെ നിന്ന് യുദ്ധം ചെയ്ത തന്നെ രാജാവ് മറന്നത് വാളിനെ വല്ലാതെ വേദനിപ്പിച്ചു. ഒരു ദിവസം പരിചയോട് തന്റെ സങ്കടം പറഞ്ഞു, 'നീയും ഞാനും ഒരേ ലോഹം കൊണ്ടാണുണ്ടാക്കിയിരിക്കുന്നത് ഇപ്പോൾ രാജാവ് എന്നെ ഒരു തൊട്ടുനോക്കുകപോലും ചെയ്യുന്നില്ല'.

അപ്പോൾ പരിച പറഞ്ഞു 'നിന്റെ ധർമ്മം കൊല്ലലും, എന്റെ ധർമ്മം രക്ഷിക്കലുമാണ്. അതാണ് അങ്ങനെ.'

ഞാനൊരു കര ഞാനൊരു പുഴ



ഞാനൊരു പുഴ
മലയിൽനിന്ന് തുടങ്ങുന്നൂ
ഞാനൊരു പുഴ
ചെടികൾക്കമൃതമാവുന്നൂ
ഞാനൊരു പുഴ
കടലിൻ റാണിയാവുന്നൂ
ഞാനൊരു പുഴ
മഴയുടെ പുത്രിയാവുന്നൂ

ഞാനൊരു കര
മനുജനു ജീവൻ നൽകുന്നു
ഞാനൊരു കര
നാടിൻ വേദന സഹിക്കുന്നു
ഞാനൊരു കര
ജീവന്റെ ഭാരം ചുമക്കുന്നു
ഞാനൊരു കര
സർവ്വം സഹ



നേഹൽ എസ്.
– 7 എ

ഒരു വാഴയുടെ ജീവിതം



എവ്‌ലിയ
– 7 ബി

ഞാൻ ഒരു കർഷകന്റെ വീട്ടിലാണ് ജനിച്ചു വളർന്നത്. എന്നെ എന്റെ അമ്മയിൽ നിന്ന് അടർത്തി മാറ്റിയതാണ്. ആ വീട്ടുകാർ എന്നെ നന്നായി സംരക്ഷിച്ചു. കുറച്ചു മാസങ്ങൾക്കു ശേഷം ഞാൻ വളർന്നു വലുതായി. ചിലർ മറ്റുള്ളവരെ പരിഹസിക്കുമ്പോൾ 'നീ ഒരു വാഴയാണെടാ' എന്നു പറയാറുണ്ട്. എന്താണങ്ങനെ വിളിക്കുന്നത് എന്ന് എനിയ്ക്കെപ്പോഴും സംശയം തോന്നും. ഞാൻ വളരെ ഉപയോഗമുള്ള ഒരു ചെടിയാണ്. അല്ലെങ്കിൽ നിങ്ങളെന്നെ ഒതളങ്ങ ... ഒതളങ്ങ എന്നു വിളിച്ചോളൂ. കാരണം അതിനെക്കൊണ്ട് യാതൊരു പ്രയോജനവുമില്ല. ഒരിക്കൽ ഞാൻ കുലച്ചു. അത് എന്റെ വീട്ടുകാരെ വളരെ യധികം സന്തോഷിപ്പിച്ചു. പക്ഷെ ആ സന്തോഷം അധികനാൾ നീണ്ടുനിന്നില്ല. ഒരു ദിവസം ശക്തമായ ഇടിമിന്നൽ എന്റെ ശരീരത്തിൽ ഏറ്റു. കൂടെ കൊടുങ്കാറ്റും പേമാരിയും. അങ്ങനെ ഞാൻ നിലം പൊത്തി. നിങ്ങളെ വിട്ടു പിരിഞ്ഞതിൽ എനിക്കു സങ്കടമുണ്ട്. വീണ്ടും ഒരു ജന്മമുണ്ടെങ്കിൽ വാഴയായി തന്നെ ജനിക്കണമെന്നാണ് എന്റെ ആഗ്രഹം.

അമ്മുക്കുട്ടിയും അമ്മിണിക്കിടാവും



ഒരിക്കൽ ഒരു കാടിനടുത്ത് ഒരു കുടിലിൽ ഒരു അമ്മയും മക്കളും താമസിച്ചിരുന്നു. ആ കുട്ടിയുടെ പേര് അമ്മുക്കുട്ടി എന്നായിരുന്നു. അവർക്ക് അമ്മിണി എന്നു പേരുള്ള ഒരു കിടാവുണ്ടായിരുന്നു. അമ്മുക്കുട്ടിക്ക് അമ്മിണിയെ വളരെ ഇഷ്ടമായിരുന്നു. എല്ലാ ദിവസവും അവർ അമ്മിണിയെ രാത്രി തൊഴുത്തിൽ കെട്ടിയിടുമായിരുന്നു. അവളുടെ കഴുത്തിൽ ഒരു കിലുക്കുമണിയുണ്ടായിരുന്നു.

രണ്ടു ദിവസം, അമ്മുക്കുട്ടി അമ്മിണിയെ തൊഴുത്തിലാക്കിയിട്ട് ഉറങ്ങാൻ അകത്തേക്കു പോയി. ആ അർദ്ധരാത്രി, അമ്മിണിയെ കെട്ടിയിട്ട കയർ അവളുടെ കഴുത്തിൽനിന്ന് മുറിഞ്ഞുപോയി. അവൾ ഉൾക്കാട്ടിലേക്ക് ഇറങ്ങിപ്പോയി. എന്നിട്ട് അവൾ അവിടെ കുടുങ്ങിപ്പോയി. രാവിലെ അമ്മുക്കുട്ടി തൊഴുത്തിൽ ചെന്നുനോക്കിയപ്പോൾ അമ്മിണിയെ കാൺമാനില്ല. അവൾ അമ്മയോട് ഉറക്കെ വിളിച്ചു പറഞ്ഞു. 'അമ്മേ!! നമ്മുടെ അമ്മിണിയെ കാണാനില്ല!!'

അമ്മ അതുകേട്ട് ഓടിവന്നു. അവർ അന്വേഷിക്കാൻ പറ്റാവുന്ന എല്ലായിടത്തും അന്വേഷിച്ചു. പക്ഷെ അവ ളെ കിട്ടിയില്ല. അവർ വളരെയധികം ദുഃഖിതരായി. അവർ കുറേ സമയം സങ്കടത്തോടെ കണ്ണുനീരൊഴുക്കി.

കുറച്ചു മാസങ്ങൾക്കു ശേഷം, അമ്മുക്കുട്ടി സന്തോഷത്തോടെയും ഉത്സാഹത്തോടെയും കാട്ടിൽ ഭക്ഷണത്തി നായി ഫലങ്ങളും ഇലവർഗ്ഗങ്ങളും പറിക്കുവാനായി ചെന്നു. പറിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അവൾ ഒരു കിലുക്കുമണിയുടെ ശബ്ദം കേട്ടു. അവൾ ചിന്തിച്ചു, 'എവിടയൊ കേട്ടുപരിചയമുള്ള ശബ്ദമാണല്ലോ ഇത്!"

അവൾ ആ കുറ്റിക്കാട്ടിനുള്ളിൽ പരതിയപ്പോ, ഒരു പശുക്കിടാവ് അവടെ പുല്ലു തിന്നുകയായിരുന്നു. അവൾ ശ്രദ്ധിച്ചുനോക്കിയപ്പോൾ അതു അമ്മിണിയാണെന്നു കണ്ടെത്തി. അവൾക്ക് വളരെയധികം സന്തോഷമായി അമ്മിണിയെ കെട്ടിപ്പിടിച്ച് അവളുടെ നെറ്റിയിൽ ഒരു ചുംബനം കൊടുത്തിട്ട് അവൾ ചോദിച്ചു, 'നീ എവിടെ യായിരുന്നു ഇത്രയും നാൾ എന്റെ അമ്മിണിയെ!!" എന്നിട്ടു അമ്മയെ കാണിച്ചു. അമ്മയ്ക്കും വളരെയധികം സന്തോഷമായി അതിനുശേഷം അവർ വളരെ സന്തോഷത്തോടെ കഴിഞ്ഞുപോന്നു.



പുണ്യാപ്രദോഷ് എ.
– 7 ബി

അമ്മ



മാതൃത്വത്തിൻ നിറകുടമാണെന്നമ്മ!
വാത്സല്യവും സ്നേഹവും കൊണ്ട് എൻ
വീട് പൂർണമാക്കുന്നെന്റെ അമ്മ!
ശാസനയും ശകാരവും കൊണ്ട് എൻ
കുസൃതികളെ കെടുത്തും എന്റെ അമ്മ!

എന്റെ കുടുബത്തിന്റെ സ്നേഹനാളമാണ്
എന്റെ അമ്മ!
എൻ ജീവിതപാഠങ്ങളുടെ നെടുംതൂണാണ്
എന്റെ അമ്മ!

എൻ ജീവിതസമ്പത്താണ് എൻ അമ്മ
ദൈവത്തിന് എല്ലായിടത്തും നിൽക്കാൻ
കഴിയില്ലെന്നാരോ പറഞ്ഞു, അത് ശരിയാണ്
അതിനാൽ അദ്ദേഹം അമ്മമാരെ സൃഷ്ടിച്ചു
അറിയും തോറും നിറയുന്ന സ്നേഹമാണെന്റെ
പ്രിയപ്പെട്ട അമ്മ!



ദേവിക ആർ,
– 8 എ



നേഹ നിഖിൽ
– 8 എ

ഒരു നോട്ടുബുക്കിന്റെ ആത്മകഥ

ഞാൻ ഒരു നോട്ടുബുക്കാണ്. എന്നെ ഒരു ഫാക്ടറിയിലാണ് നിർമ്മിച്ചത്. അവിടെ ഒരുപാട് വലിയ മെഷീനുകളുണ്ടായിരുന്നു. അവിടെയുള്ളവർ എന്നെ ഒരു മെഷീനിൽ കയറ്റി വച്ചു. എന്നെ പുറത്തെടുത്തപ്പോൾ കവർ പേജ് മനോഹരമായിരുന്നു. കവർ പേജ് വനത്തിനുള്ളിലെ ഒരു മരത്തിൽ നിന്നാണ് നിർമ്മിച്ചത്. അവർ എന്നെ ഒരു പെട്ടിയിലാക്കി. മനോഹരമായ നോട്ടുപുസ്തകങ്ങൾ ധാരാളം ഉണ്ടായിരുന്നു. അവർ എന്നെ ഒരു കടയിൽ കൊടുത്തു. അവിടെ കടയുടമയെന്നെ ഷെൽഫിൽ വച്ചു. അവിടെ ചെറിയതും വലിയതുമായ മറ്റു പുസ്തകങ്ങളും ഉണ്ടായിരുന്നു. കുറച്ചു ദിവസങ്ങൾക്കു ശേഷം ഒരു കുട്ടിയും അച്ഛനും വന്ന് എന്നെ വാങ്ങി. വീട്ടിലെത്തിയ അവർ എന്റെ മനോഹരമായ കവർ പേജ് ഒരു അട്ടിപ്പേപ്പർ കൊണ്ട് മറച്ചു. സ്കൂൾ തുറന്നു. കുറച്ചു ദിവസങ്ങൾക്കു ശേഷം എന്റെ പേജുകൾ നിറഞ്ഞു. അങ്ങനെ മൂന്നു മാസങ്ങൾക്കുള്ളിൽ എന്റെ പേജുകൾ എല്ലാം പൂർത്തിയായി. അതിനുശേഷം മേശയ്ക്കുള്ളിൽ വച്ചു. കുട്ടി എന്നെ പരീക്ഷയ്ക്ക് പഠിക്കാനായി എടുത്തു. അത് അവന്റെ അവസാന പരീക്ഷയാണ്. അങ്ങനെ പരീക്ഷ കഴിഞ്ഞ് അവനെന്നെ ഒരു പെട്ടിയിൽ സൂക്ഷിച്ചു വച്ചു. ഇപ്പോൾ വെളിച്ചം കാണാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു.



ക്ഷേത്ര പി. ചിറ്റേത്ത്
– 7 ബി

പത്രം നമ്മുടെ മിത്രം



ദേവ്ജിത്ത് കൃഷ്ണ
– 9 ബി

നമ്മുടെ ജീവിതത്തിൽ പത്രങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. സമകാലിക വിഷയങ്ങളെക്കുറിച്ച് അറിവു പകരുന്നതോടൊപ്പം സാർവ്വലൗകികമായ കാഴ്ചപ്പാട് വളർത്തുവാനും പത്രങ്ങൾ സഹായിക്കുന്നു. രാഷ്ട്രീയം, സാമ്പത്തികം, സാമൂഹികം, കല, സാഹിത്യം എന്നീ രംഗങ്ങളിൽ ലോകത്തിനുണ്ടാകുന്ന മുന്നേറ്റം ഓരോ വ്യക്തിയിലേക്കും എത്തിക്കുന്നത് പത്രങ്ങളാണ്. വായനാശീലം വളർത്തുന്നതിനും ഭാഷാവൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും പത്രങ്ങൾ സഹായകമാകുന്നു. വിവിധ മേഖലകളിലെ തൊഴിലവസരങ്ങളെക്കുറിച്ച് പത്രങ്ങളിലൂടെ അറിയാൻ സാധിക്കുന്നു. എന്നാൽ ചില പത്രങ്ങൾ വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നത് ആശങ്കാജനകമാണ്. വാർത്തകളുടെ വിശ്വാസ്യത ഉറപ്പു വരുത്തേണ്ടത് അത്യാവശ്യമാണ്.



മഴക്കാലം



നവമി പി.
– 8 എ

മുറ്റത്തെ ചെടികൾ ആടിയുലയുന്ന കാറ്റും കുതിർന്ന മണ്ണിന്റെ സുഗന്ധവും, കാർമുകിൽ ഭരിക്കുന്ന ആകാശവുമെല്ലാം ഗൃഹാതുരമായ ഓർമ്മകൾകൊണ്ട് എന്റെ മനസ്സിനു കുളിർമ്മ നൽകുന്നു. അതുകൊണ്ടു തന്നെ എനിക്ക് ഏറ്റവും പ്രിയങ്കരമായ ഋതുവും വർഷകാലവും തന്നെയാണ്.

തലേന്ന് മഴപെയ്തിട്ടുണ്ടെങ്കിൽ പിറ്റേന്ന് പുലർച്ച നല്ല തണുപ്പുണ്ടാകും. കൂടാതെ മുറ്റത്തെ പൂക്കളെല്ലാം കുളിർകോരി നിൽപ്പുണ്ടാവും. പൊന്നിലയിൽ വെള്ളത്തുള്ളികൾ പാടിമറയുന്നതു കാണാനും വെള്ളത്തുള്ളികൾ കൈക്കുമ്പിളിൽ നിറയ്ക്കാനും എനിക്ക് വളരെ ഇഷ്ടമാണ്. പറ...പറ...പറ..പറ.. ശബ്ദത്തോടെ മഴ പെയ്യുന്നത് കണ്ടു രസിക്കുന്നതിനേക്കാൾ മഴയത്തിറങ്ങി നൃത്തം ചെയ്യാനാണ് എനിക്കേറെ ഇഷ്ടം. ഓരോ മഴക്കാലം കഴിയുമ്പോഴും അടുത്ത മഴക്കാലം കൂട്ടുകാരൊടൊപ്പം ആഘോഷിക്കാൻ എനിക്കു തിടുക്കമാകും.



അമ്മൂമ്മക്കഥ



പാർഥിവ് എം. എസ്.
– 8 ബി



എന്റെ അമ്മൂമ്മയ്ക്ക് പ്രായം 85. ഇപ്പോഴും ഞങ്ങളുടെ കൂടെ കഥപറയുവാനും കളിക്കുവാനും ഒത്തിരി ഇഷ്ടമാണ്. അമ്മൂമ്മയുടെ കുട്ടിക്കാലത്തെ കഥകൾ വളരെ രസകരമാണ്.

അമ്മൂമ്മയെ 6 വയസ്സുള്ളപ്പോഴാണ് സ്കൂളിൽ ചേർത്തത്. വളരെ കുസൃതിയായിരുന്നു. ഒരു ദിവസം അടുത്തിരുന്ന കുട്ടിയുമായി വഴക്കിട്ട് സ്ലേറ്റു കൊണ്ട് തലക്കടിച്ചു. അതോടെ അമ്മൂമ്മയുടെ പഠനകാലം അവസാനിച്ചു, എന്നുമാത്രമല്ല വീട്ടിലെ എല്ലാ ജോലിയും ചെയ്യേണ്ട ഭാരവും തലയിലേറ്റേണ്ടി വന്നു. അമ്മൂമ്മയെയും കൂട്ടി അവർ 8 മക്കളാണ്. അടുക്കളയിൽ സഹായിക്കാൻ ആളായതിന്റെ സന്തോഷത്തിലായിരുന്നു അമ്മൂമ്മയുടെ അമ്മ. എന്നാലും അമ്മൂമ്മ അടുത്ത കളരിയിൽ പോയി അക്ഷരമെല്ലാം പഠിച്ചു. മലയാളം എഴുതാനും വായിക്കാനും പഠിച്ചു അത്യാവശ്യം ഇംഗ്ലിഷും മനസ്സിലാക്കി. പക്ഷെ സ്കൂൾ ജീവിതം അമ്മൂമ്മയ്ക്ക് ഇപ്പോഴും ഒരു സ്വപ്നം മാത്രമാണ്.

അമ്മൂമ്മ ഞങ്ങളോട് എപ്പോഴും പറയും, 'പഠനകാലമാണ് നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും നല്ലകാലം. അത് ഒരിക്കും നഷ്ടപ്പെടുത്തരുത്." എപ്പോഴും സ്കൂളിൽ പോകുമ്പോൾ അവേശത്തോടെയും, സന്തോഷത്തോടെയും, ഉത്സാഹത്തോടെയും പോകണമെന്ന് പറയും.

തനിക്ക് നഷ്ടപ്പെട്ട സ്കൂൾ ജീവിതം ഞങ്ങളിലൂടെ നേടുന്നതിന്റെ തിളക്കം അമ്മൂമ്മയുടെ കണ്ണുകളിൽ ഞാൻ കണ്ടു.

കൃഷ്ണൻ



അനന്യ സന്തോഷ്
8 ബി

പതിവുപോലെ അന്നും അവൾ ആ സ്വപ്നം കണ്ടാണ് ഉണർന്നത്. തന്നെ തഴുകി കടന്നു പോകുന്ന ഓടക്കുഴൽ വിളിയും മയിൽപ്പീലിയും എന്നും അമ്പലനടയിൽ പ്രാർത്ഥിച്ചുനിൽക്കുമ്പോൾ അവൾ ഓർക്കാറുണ്ട്. ആ കുഴൽവിളിയും മയൽപീലിയും യാഥാർത്ഥമായി ഒന്നു കാണാൻ കഴിയണേ എന്ന്. അവൾ നിരന്തരം പ്രാർത്ഥിക്കാറുണ്ട്.

അച്ഛനും അമ്മയും നഷ്ടപ്പെട്ട അവൾക്ക് ഒരു അമ്മൂമ്മ മാത്രമാണ് ഉണ്ടായിരിക്കുന്നത്. അവളോടൊത്ത് കൂട്ടുകൂടാനായി അവൾക്ക് പ്രിയപ്പെട്ട കൂട്ടുകാരും ഉണ്ടായിരുന്നില്ല. അമ്മൂമ്മ പറഞ്ഞുകൊടുത്ത കഥകളിലൂടെ അവളെന്നും മയിൽപ്പീലി ചൂടി നിൽക്കുന്ന ആ വെണ്ണക്കണ്ണനെയായിരുന്നു തന്റെ കളിക്കൂട്ടുകാരനായി കണ്ടത്.



ഒരു ദിവസം സ്കൂൾ വിട്ടു പാടവരമ്പിലൂടെ അവൾ വരികയായിരുന്നു.
പെട്ടന്ന് കാൽ എന്തോ ഉടക്കി അവൾ നിലത്തുവീണു. മേയാൻവിട്ട പശുവിനെ കെട്ടിയ കയറായിരുന്നു അത്. തടഞ്ഞു വീണ അവളുടെ നേർക്ക് ആ പശു തന്റെ കൊമ്പുയർത്തക്കൊണ്ട് കുത്താനായ് അടുത്തുവന്നു.
പേടിച്ചുപോയ അവൾ ഉറക്കെവിളിച്ചു 'കൃഷ്ണാ....ഗുരുവായുരപ്പ...'
പെട്ടന്നതാ അവൾ എന്നും സ്വപ്നത്തിൽ കേൾക്കാറുള്ള ആ കുഴൽവിളി, പേടിച്ചു കണ്ണുകൾ അടച്ച അവൾ പതുക്കെ കൺതുറന്നു അപ്പോൾ കണ്ടത് തന്നെ കുത്താനായിവന്ന പശു ആ കുഴൽവിളികേട്ട ദിക്കിലേയ്ക്കു നോക്കി കാതുകൂർപ്പിച്ച് അതിൽ ലയിച്ച് പോകുന്നതാണ് ആ കാഴ്ചകണ്ട് അവളുടെ കണ്ണുനിറഞ്ഞു പോയി. എന്നും അവൾ സ്വപ്നത്തിൽ കാണുന്ന ആ മായക്കണ്ണൻ പീലിത്തിരുമുടി ചാർത്തി ഒരു കള്ളച്ചിരിയുമായി അവൾക്കു മുന്നിൽ കോലക്കുഴൽ വിളിച്ചു കൊണ്ട്
ഒരു പുക മറപോലെ മറഞ്ഞുപോയ്.....

പിതാവിന്റെ വാത്സല്യം



ഐറിസ് ഷാജു
– 8 ബി

കൊടുങ്കാറ്റും മഴയും ഇടിമിന്നലും മല്ലടിച്ച് തകർക്കുന്ന ഒരു രാവ്. ആദം തന്റെ അച്ഛന്റെ തണുത്തുറഞ്ഞ കൈകൾ നെഞ്ചോടുചേർത്തു പിടിച്ചു. അവന്റെ കണ്ണുകളിൽ നിന്ന് ചുടു കണ്ണീർ പിതാവിന്റെ എന്നന്നേയ്ക്കുമായി അടഞ്ഞ കണ്ണുകളിൽ പതിച്ചു. വീശിയടിച്ച കാറ്റ് ആശ്വസിപ്പിക്കുന്ന തലോടലായി ആദമിനു തോന്നി.

അമ്മല്ലാത്തതിന്റെ ഒരു കുറവും മകന് തോന്നുവാൻ അച്ഛൻ അവസരം നൽകിയിരുന്നില്ല. ഇന്ന് അദ്ദേഹവും ഈ ലോകത്തോട് വിടപറഞ്ഞിരിക്കുന്നു. "ഞാൻ ഇന്ന്, ഇപ്പോൾ മുതൽ ഒരു അനാഥനാണ്, ഒരു അനാഥബാലൻ ആദം സ്വയം മന്ത്രിച്ചു. അനാഥാലയത്തെക്കുറിച്ച് കേട്ടുകേൾവി മാത്രമുള്ള ആദം, അവിടവുമായി പൊരുത്തപ്പെടുവാൻ സമയമെടുത്തു. ഉറങ്ങാത്ത നാളുകൾ, പ്രയാസത്തോടെ ആദം തള്ളിനീക്കി.

പിതാവിന്റെ വേർപാട് ഏഴ് വർഷം പിന്നിട്ടെങ്കിലും അത് വിശ്വസിക്കുവാൻ ആദമിന് സാധിച്ചില്ല. പെട്ടെന്നൊരു ദിവസം ഹൃദയാഘാതം മൂലം തന്റെ കൈകളിൽ കിടന്നാണ് അദ്ദേഹം ഈ ലോകത്തോട് യാത്ര പറഞ്ഞത്. ഇന്ന് ആദം ചെറിയ ജോലികൾ ചെയ്ത് വരുമാനം നേടുന്നുണ്ട്, എന്നാലും പണമില്ലെന്നുള്ള അവഗണന അവന്റെ ഹൃദയത്തെ വേദനിപ്പിച്ചു. "അച്ഛനുണ്ടായിരുന്നെങ്കിൽ തനിക്കീഗതി വരില്ലായിരുന്നു" - അവൻ ഓർത്തു.

നാളുകൾ കടന്നുപോയി. ആദമിന് മികച്ചൊരു ജോലിയിൽ പ്രവേശിക്കുന്നനായി ഒരു അഭിമുഖസംഭാഷണം ഒത്തുവന്നു. അച്ഛന്റെ അനുഗ്രഹം വാങ്ങുന്നതിനായി ആദം, അദ്ദേഹം തന്റെ പേരിൽ എഴുതിവച്ച, അച്ഛന്റെ ഓർമ്മകൾ നിറഞ്ഞ ആ കൊച്ചുവീട്ടിലേക്ക് തിരിച്ചു. വാതിൽ തുറന്നു. അവൻ അകത്തുകയറി, ചുറ്റും നോക്കി. ചിലന്തിവല വീടാകെ പടർന്നിരിക്കുന്നു. "ഈ വീട്ടിൽ എന്റെ അച്ഛനുണ്ട്, ഇവിടം വൃത്തിയാക്കുന്നത് എന്റെ ചുമതലയാണ്," എന്ന് പറഞ്ഞുകൊണ്ട് ചുറ്റും വൃത്തിയാക്കുവാൻ തുടങ്ങി.

അപ്പോൾ കുട്ടിക്കാലത്ത് അച്ഛൻ തനിക്ക് സമ്മാനിച്ച മരം കൊണ്ടുണ്ടാക്കിയ ഒരു കൊച്ചു പെട്ടി അവന്റെ ശ്രദ്ധയിൽ പെട്ടു. അത് പതുക്കെ തുറന്ന് അതിലുണ്ടായിരുന്ന തന്റെ അച്ഛന്റെ ചിത്രം അവൻ നെഞ്ചോടുചേർത്തുപിടിച്ചു. വെളിച്ചത്തിനായി അടുത്തുണ്ടായിരുന്ന ജനൽ അവൻ പതുക്കെ തുറന്നു. പ്രകാശം അച്ഛന്റെ ചിത്രത്തിൽ പതിച്ചു. ആദം പെട്ടെന്ന് ആ ചിത്രത്തെ ശ്രദ്ധിച്ചുനോക്കി, ആ ചിത്രത്തിനു പിറകിലുള്ള കടലാസിലെ എഴുത്തുകൾ മങ്ങിയ അക്ഷരങ്ങളായി ചിത്രത്തിലൂടെ കാണുവാൻ കഴിഞ്ഞു.

അവൻ ആ ചിത്രത്തിന്റെ പിൻവശം നിരിക്ഷീച്ചു. ഒന്നും കാണുവാൻ സാധിച്ചില്ല. അച്ഛന്റെ ചിത്രത്തിനും ചിത്രത്തിന്റെ പിറകിൽ കാണുന്ന കടലാസിനുമിടയിൽ മറ്റൊരു കടലാസുള്ളതായി അവനു തോന്നി.

ആദം ആ ചിത്രത്തിന്റെ അറ്റം ചെറുതായി ഒന്നു കീറി. അവന്റെ സംശയം ശരിയെന്നു തെളിയിച്ചുകൊണ്ട് ആ മൂന്നാമൻ പുറത്തേക്ക് വന്നു. അതൊരു എഴുത്തായിരുന്നു. അവന്റെ അച്ഛന്റെ കത്ത്. 'എനിക്ക് നിന്നെ ഒരു യുവാവായി കാണണമെന്നുണ്ടായിരുന്നു.' എന്നാൽ എന്റെ അസുഖം അതിനനുവദിക്കില്ലെന്നെനിക്കറിയാം. ഞാൻ നിന്റെ ഭാവി ആവശ്യങ്ങൾക്കായി കുറച്ചുപണം ബാങ്കിൽ നിക്ഷേപിച്ചിരുന്നു. അതിപ്പോൾ ഇരട്ടിയായിട്ടുണ്ടാകും. ആ പണം ലഭിക്കുന്നതിനായുള്ള പാസ്ബുക്ക് നിന്റെ അമ്മയുടെ ചിത്രത്തിന്റെ പിറകിൽ ഞാൻ വച്ചിട്ടുണ്ട്. നീ ആ പണം ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാവു.' ഇത് വായിച്ച ആദമിന്റെ കണ്ണുകൾ ആദരവിന്റെയും സ്നേഹത്തിന്റെയും നന്ദിയുടെയും കണ്ണീരാൽ നിറഞ്ഞു.



നീമയുടെ പുതിയ നീതി



ജാൻവി തെരേസ് ജെയിംസ് – 8 എ

ഇത് നീമയുടെ കഥയാണ്. നീമ ഈ ലോകത്തിനെ മാറ്റിമറിച്ച കഥ. അവൾ കൊണ്ടുവന്ന പുതിയ നീതിയുടെ കഥ. ഈ ലോകം പാലിക്കാതിരുന്ന ഒരു നീതിയായിരുന്നു അത്. പെൺകുട്ടികളെ മാറ്റി നിർത്തി ആദ്യം ആൺകുട്ടികൾക്ക് അവസരം കൊടുക്കുന്ന നീതി.

അവൾ ചെറുതായിരിക്കുമ്പോൾ അവൾക്കു ചുറ്റും ഈ തെറ്റായ നീതി ഉണ്ടായിരുന്നു. അന്ന് തന്റെ മാതാപിതാക്കളോട് അവൾ അതിന്റെ കാരണം ചോദിച്ചപ്പോൾ കിട്ടിയ ഉത്തരം അവളെ തൃപ്തിപ്പെടുത്തിയില്ല. പിന്നീട് അവൾ പല പാഠങ്ങളും തന്റെ വിദ്യാലയത്തിൽ നിന്ന് പഠിച്ചു. ആ പഠനത്തിലൂടെ അവൾ ഒരു കാര്യം മനസ്സിലാക്കി. ഈ ലോകത്തിനു കിട്ടുന്ന ഏറ്റവും വലിയ സമ്മാനമാണ് ഒരു പെൺകുട്ടിയുടെ ജനനം എന്ന പാഠം. പിന്നീട് അവളുടെ ആഗ്രഹം ഒരു വക്കീലാക്കി ഈ നീതി നേടിയെടുക്കണം എന്നതായിരുന്നു. ഒടുവിൽ അവൾ തന്നിലൂടെ ഈ ലോകത്തിന് ഒരു നല്ല സന്ദേശം നൽകി.

ഇവിടെ ഓരോ പെൺകുട്ടിക്കും ജനിക്കാനും, വളരാനും സന്തോഷിക്കാനും അവകാശമുണ്ട്.

ചിരി






ശിവപ്രിയ പി. കെ. – 8 എ

ചിരി എന്ന അത്ഭുത പ്രതിഭാസം മനുഷ്യവികാരങ്ങളിൽ എല്ലവരെയും ആകർഷിക്കുന്ന ഒന്നാണ്. രാവിലെ എഴുന്നേറ്റ് അച്ഛനേയും അമ്മയേയും നോക്കി ഒന്നു ചിരിക്കുക. അവർ സന്തോഷിക്കും. വിഷമിച്ചു നിൽക്കുന്ന ഒരാളോട് ചിരിച്ചുകൊണ്ട് സംസാരിക്കൂ. അയാൾക്ക് കുറച്ചാശ്വാസം ലഭിക്കും. ഏതൊരാളുടെ ചിരിയും ഹൃദയസ്പർശിയായിരിക്കും. ഒരു ചെറിയ പുഞ്ചിരികൊണ്ട് നമുക്ക് ഒരു പാട് കാര്യങ്ങൾ ചെയ്യാം. എപ്പോഴും ഒരു പുഞ്ചിരി കൊണ്ട് നടക്കണം. ഒരാളുടെ ചിരി കണ്ടാൽ നമുക്കു മനസ്സിലാകും അയാൾ എങ്ങനെയുള്ള ആളാണെന്ന്. എപ്പോഴും ചിരിക്കണമെന്ന് നിർബന്ധമൊന്നുമില്ല. പക്ഷെ, ഒരു ചെറിയ ചിരി, അതു മാത്രം മതി. അപ്പോൾ ഇനിമുതൽ നിങ്ങളും ആത്മാർത്ഥമായി ചിരിക്കൂ. മദർ തെരേസയുടെ ഈ വാക്കുകൾ ഓർത്തുകൊണ്ട്, ' ഒരു പുഞ്ചിരിയിൽ നിന്നാണ് സമാധാനം ആരംഭിക്കുന്നത്'.

എന്റെ ജീവിതം ഇത്രയുള്ളൂ

(ഒരു പേനയുടെ ഡയറിക്കുറിപ്പ്)



ഞാൻ ഒരു പേന. വിലപിടിപ്പുള്ള ഒരു പേന. എന്റെ ജീവിതംകൊണ്ട് എന്റെ ഉടമസ്ഥൻ അമ്മാനമാടുകയാണ്. ഞാൻ എന്തു ചെയ്യാനാണ്? എന്റെ വിധിയിതാണ്. ആദ്യം ഫാക്ടറിയിൽനിന്ന് പെട്ടിയിൽ പൊതിഞ്ഞു. ആവശ്യത്തിൽ കൂടുതൽ പഞ്ഞിയിലും പേപ്പറിലും പൊതിഞ്ഞു. സ്വർണ്ണവും മറ്റും പൂശി. ആകർഷണീയമായ ആഡംബര രൂപത്തിൽ നിർമ്മിക്കപ്പെട്ടു. പിന്നീട് ചെറുകിട കച്ചവടക്കാരുടെ കൈകളിലെത്തി. അതുകഴിഞ്ഞ് യോഗമുള്ളവർ പണത്തിന് വിലകൊടുക്കുന്നവരുടെ കൈയ്യിൽ എത്തി. എന്നാൽ എന്നെപ്പോലെ നിർഭാഗ്യവാന്മാർ പൈസക്ക് ഒട്ടും വില കൊടുക്കാത്തവരുടെ കൈയ്യിൽ എത്തി.

അവർ എഴുതാതെ അതുവച്ച് പെൻ ഫൈറ്റും കളിച്ചും രണ്ടു വാക്കെഴുതി, ചവറ്റുകുട്ടയിലിട്ടു. ചിലരോ റീഫിൽ ഒടിച്ച്, മഷിയും ചീറ്റിക്കൊണ്ട് നടന്നു. ഇത്രയൊക്കേയുള്ളൂ ഞങ്ങളുടെ ജീവിതം. വല്യ നീണ്ട ജീവിതമൊന്നും നമുക്കില്ല. പിന്നെ എന്റെ മുതലാളിയോട് എനിക്ക് പറയുവാനുള്ളത്,

ഇതേ... *വെറുതെ കിട്ടുന്ന പണമല്ല.....*
നിന്റെ അപ്പന്റെ വിയർപ്പിന്റെ വിലയാണ്. വെറുതെ കളയല്ലേ....

ജോഹൻ പോൾ – 8 ബി

ഏഴഴക്



ക്രിസ്റ്റ മേരി സാബു
– 8 എ

ആകാശത്തിൽ നിറങ്ങളാൽ വിരിയുന്ന
ദൈവത്തിന്റെ സമ്മാനം
ഇടവപ്പാതിയുടെ ഭയം നിറയും
എന്റെ മനം.

എന്നാലും എൻ മനം തേടും
ആ നിറങ്ങളുടെ വിസ്മയത്തെ
ആ കലാവിരുന്നാൽ അതിശയിക്കപ്പെട്ട
എൻ ശൈശവകാലം

ആകർഷകമായ ആ വർണ്ണങ്ങൾ
കാണുമ്പോൾ എൻ ഉള്ളം തുടിക്കുന്നു
ഭൂമിയിൽനിന്ന് മാനത്തേക്കുള്ള
പാലം പോലെ

എഴു വികാരങ്ങൾ പോലെ
എന്ത് മനോഹരമാണ്
നദിപോലെ ഒഴുകുന്ന ജീവിതത്തിലെ
വേദനകളും ദുഃഖങ്ങളും
മറക്കുവാനുള്ള ഒരു വഴി
ആ ഏഴഴക്.....

എന്റെ കേരളം



മുഹമ്മദ് റാസി
– 8 ബി

കാടും മലകളും, തോടും പുഴകളും
തെങ്ങും പാടങ്ങളും നിറഞ്ഞ എന്റെ കേരളം
ഏതു ദേശത്തു പോയാലും
ഏതു ഭാഷ പഠിച്ചാലും
കാന്തിക ശക്തിയാൽ എന്നെ
ആകർഷിക്കും മനോഹരി
മരതകപ്പട്ടുടുത്ത
വശ്യമനോഹരിയാണെന്റെ കേരളം

ജാതി മത ഭേദമില്ലാ
കള്ളവും ചതിയുമില്ല
പൊളിവചനമില്ലാ പുണ്യഭൂമി കേരളം
ഓണപ്പൂക്കൾ വിരിയുന്ന മുറ്റങ്ങളും
തലയെടുപ്പുള്ള ആനകളുടെ പൂരങ്ങളും
വെടിക്കെട്ടുകളും ചെണ്ടതൻ മേളങ്ങളും
ചാക്യാരുടെ വാക് ജാലവും

കഥകളി വർണ്ണങ്ങളും
നിലാവൊഴുകുന്ന നിളാ കല്ലോലങ്ങളും
പെരിയോരു പെരിയാറിൻ
പുണ്യവുമാർന്നൊരു
പ്രണയകാവ്യമാണെന്റെ കേരളം



പ്രിയം... പ്രിയതരം ഈ പുസ്തകം



റെയ്ച്ചൽ ടാബിൻ
– 9 ബി

ഒരു വ്യക്തിയ്ക്ക് ഉണ്ടായിരിക്കേണ്ട ഏറ്റവും മികച്ച ഗുണങ്ങളിലൊന്നാണ് വായനാശീലം. പുസ്തകങ്ങൾ അറിവിന്റെ ഉറവിടമാണ്. അവ നമ്മുടെ അറിവു വർദ്ധിപ്പിക്കുകയും ആരോഗ്യകരമായ മാനസികനില നിലനിർത്താൻ സഹായിക്കുകയും ചെയ്യുന്നു. നല്ല പുസ്തകങ്ങൾ നല്ല ചങ്ങാതിമാരാണ്.

മലയാളത്തിലെ ഒരു യുവ നോവലിസ്റ്റായ അഖിൽ പി. ധർമ്മജന്റെ, സാഹസികതയും ഫാന്റസിയും കൈകോർത്തിണങ്ങുന്ന ഒരു നോവലാണ് 'മെർക്കുറി ഐലന്റ്'. ലോകക്ലാസിക് ത്രില്ലറുകളുടെ നിരയിലേക്ക് കടന്നുവരാവുന്ന ഒന്ന്, ലോകം എക്കാലവും ഭീതിയോടെ മാത്രം കാണുന്ന ബർമൂഡ ട്രയാങ്കിളിലെ ചുഴികൾ നിറഞ്ഞ മായിക ലോകം - അതാണ് മെർക്കുറി ഐലന്റ്. അറ്റ്ലാന്റിക് സമുദ്രത്തിലെ മരണച്ചുഴികൾ നിറഞ്ഞ രഹസ്യദ്വീപ് തേടിപ്പോകുന്ന ഒരു പ്രൊഫസറുടേയും അയാളെ പിന്തുടരുന്നവരുടെയും കഥയാണിത്. ആ ദ്വീപിൽ അവർ നേരിട്ട പ്രതിസന്ധികൾ സമാനതകളില്ലാത്തതായിരുന്നു. മായൻ കലണ്ടറും ലൂത്ത ലിപിയുമൊക്കെ ഈ കഥയിലേക്കു കടന്നുവരുന്നു.

യുക്തി ചിന്തക്കേണ്ടാ യാഥാർത്ഥ്യബോധത്തിനോ ഈ കൃതിയിൽ സ്ഥാനമില്ല. ആലീസിന്റെ അത്ഭുതലോകം പോലെ വായനക്കാർക്ക് മാസ്മരികമായ അനുഭൂതി പകരാൻ ഈ നോവലിനു കഴിയുന്നു. വായനക്കാരെ പലപ്പോഴും ആകാംക്ഷയുടെ മുൾമുനയിൽ നിർത്തുന്ന ഈ കൃതി ഏവരും വായിച്ചിരിക്കേണ്ടതാണ്.

തിരിനാളം



അരുണിമ കെ. അനീഷ്
– 9 ബി

ഓരോ ഹൃദയത്തുടിപ്പിനുമപ്പുറം
ഒരു തിരിനാളം ജ്വലിച്ചിരുന്നു
നോവിൻ മിഴിനീർ ഇറ്റിയാലും
കൊടും വേനലിൽ ചൂടേറ്റ് പൊള്ളിയാലും
ആ തിരിനാളത്തിൻ പ്രകാശരേണുക്കൾ
ഒരു നേർത്ത നേരവും മങ്ങുകില്ല
കാറ്റല്ല മഴയല്ലിടിമിന്നലല്ല
നോവിൻ കരാളമാം തേങ്ങലല്ല

ഇരവിന്റെ കൂരമ്പുകളെത്രയേറ്റാലും
തളരില്ല തളരില്ലീത്തിരിനാളം
ഓരോ നൊമ്പര വർഷമാരിതൻ തണുപ്പിലും
അണയാതനങ്ങാതെ ജ്വലിച്ചിരുന്നു.
ഇനിയെത്ര നാളുനീ ഇതുപോലെ നൽക്കും
ഇനിയെത്ര പൂക്കാലം നിന്നെ മൂടും
ഇരവിന്റെ രാപ്പാടി പാടുന്ന പാട്ടിൽ
ഇനിയെത്ര നാളുനീ അണയാതെ നിൽക്കും
ഹിമഗിരി തൻ കൊടും തണുപ്പിനുമപ്പുറം
ഇനിയെത്ര നാളുനീ അണയാതെ നിൽക്കും.



ഒരു പന്ത്... ഒരു മനസ്സ്...



ശ്രീയ
– 7 ബി

അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോൾ പി.ടി പീരിയഡിൽ ത്രോബോൾ കളിക്കാൻ താല്പര്യമുള്ളവർ മുന്നോട്ടു വരാൻ ആവശ്യപ്പെട്ടപ്പോഴാണ് ആദ്യമായി ആ പന്ത് ഞങ്ങളുടെ കൈയ്യിലെത്തുന്നത്. പക്ഷേ, അതിനേക്കാൾ മുമ്പേ കേരളാ ജേഴ്സിയും എറണാകുളം ജേഴ്സിയും ധരിച്ച് സ്റ്റേജിൽ കയറി ചേച്ചിമാർ അനുമോദനങ്ങൾ ഏറ്റുവാങ്ങുന്നതു കണ്ടപ്പോൾ മുതൽ ഈ പന്ത് ഞങ്ങളുടെ മനസ്സിൽ ഉരുണ്ടു തുടങ്ങിയിരുന്നു. കഠിനമായ കായികപരിശീലനം തുടങ്ങിയപ്പോൾ ഈ പന്ത് വായുവിൽ പറക്കാൻ തുടങ്ങി.

ആദ്യമാദ്യം കുടെയുണ്ടായിരുന്ന പലരും പാതിവഴിയിൽ ഈ പന്ത് ഉപേക്ഷിച്ചു പോയപ്പോഴും ഞങ്ങൾക്ക് ഈ പന്ത് ഉപേക്ഷിക്കാൻ തോന്നിയില്ല. കഠിനമായ സാഹചര്യങ്ങളോട് ഞങ്ങൾ പൊരുത്തപ്പെട്ടു. എന്തും സഹിച്ചു മുന്നേറാൻ നിശ്ചയിച്ച് ബാക്കിയായവർ മാനസികമായി തമ്മിലടുത്തു. കാരണം ഞങ്ങളുടെ ലക്ഷ്യം ഒന്നായിരുന്നു. ഞങ്ങളുടെയെല്ലാം മനസ്സിൽ വായുവിൽ വളഞ്ഞു പുളഞ്ഞു പായുന്ന ആ പന്തിനു പിന്നാലെയായിരുന്നു. ഒരാൾ ചിന്തിക്കുന്നതെന്താണെന്ന് കൂട്ടാളിക്കു മനസ്സിലാക്കാൻ ചെറിയൊരു നോട്ടമോ ആംഗ്യമോ മതിയാകും എന്ന നിലയിലേക്കെത്താൻ കൂട്ടായ പരിശീലനം സഹായിച്ചു.



അക്ഷര
– 7 ബി

ആദ്യമാദ്യം നടന്ന മത്സരങ്ങളിൽ പരാജയപ്പെട്ടുവെങ്കിലും അനുഭവപാഠങ്ങൾ നേടാൻ അവ സഹായിച്ചു. അങ്ങനെ ആദ്യത്തെ കൂട്ടായ മത്സരമായിരുന്നു എറണാകുളം ജില്ല മിനി ത്രോബോൾ ടൂർണമെന്റ്. എതിരാളികളെ നിഷ്പ്രഭരാക്കി ട്രോഫി ഏറ്റുവാങ്ങുമ്പോൾ മനസ്സ് സന്തോഷത്താൽ തുള്ളിച്ചാടി. ഞങ്ങൾക്ക് തോൽക്കാനാകില്ലായിരുന്നു. കാരണം ആ പന്ത് ഞങ്ങളുടെ മനസ്സായിരുന്നു. കൂട്ടായ പരിശീലനവും പരസ്പരമുള്ള പ്രോത്സാഹനവും തെറ്റുകൾ ചൂക്കാണിക്കുമ്പോൾ തിരുത്താനുള്ള മനസ്സും ആ പന്ത് സമ്മാനിച്ചതാണ്. ഇനിയും ഞങ്ങൾ ആ പന്തിനു പിറകെ പാഞ്ഞുകൊണ്ടിരിക്കും. കാരണം ആ പന്ത് ഞങ്ങൾക്ക് വെറുമൊരു പന്തല്ല. ഞങ്ങളുടെ ജീവശ്വാസം നിറച്ച പന്താണ്.

രാവും പകലും



നിഹാരിക അനിൽ
– 9 ബി

വെൺതിങ്കൾക്കല വാനിലുദിച്ചു
താരകാമാലകൾ മിന്നിത്തിളങ്ങി
ആമ്പൽപ്പൂക്കൾ ഇതളുകൾ വിടർത്തി
രാത്രിതൻ തിരശ്ശീല താഴ്ന്നു വീണ്ടും.

തൂനിലാവ് പുഴയലകളിൽ നൃത്തമാടി
മുല്ലപ്പൂക്കൾ ചുറ്റിലും സൗരഭം വിതറി
രജനിതൻ ശാന്തമാം സംഗീതം എങ്ങും
പ്രതിധ്വനിച്ചീടുന്നു വെളുക്കുംവരെ

കിഴക്കു വിളഞ്ഞു ചെങ്കതിർകൾ
നേരമായ് ഉഷസ്സൂര്യനുദിക്കാൻ
താമരപ്പൂവു തൻ ശിരസ്സുയർത്തി
കനകരശ്മികളിൽ കുളിച്ചുനിന്നു

പഞ്ചവർണ്ണക്കിളികൾ സംഗീതം വിതറി
അപാരതയിൽ പറന്നുയർന്നുപോയി
പ്രപഞ്ചത്തിന്റെ ജാലകങ്ങൾ തുറന്നു
നവദിനത്തെ വരവേൽക്കാൻ

റോബിൻ ഹുഡ്



മധ്യകാല ഇംഗ്ലിൽ നടന്ന ഒരു ഐതിഹാസിക കഥയാണ്. റോബിൻ ഹുഡ്. അയാൾ പരിശീലനം നേടിയ നല്ല ഒരു അമ്പെയ്ത്തുകാരനും കുറ്റവാളിയുമായിരുന്നു. റോബിൻ ഹുഡ് മെറി മെൻ എന്ന വിഭാഗത്തിന്റെ നേതാവായി മാറി. പണക്കാരിൽ നിന്നും കവർച്ച നടത്തി പാവപ്പെട്ടവർക്ക് വിതരണം ചെയ്യുന്ന മഹാനായ വ്യക്തിയായിട്ടാണ് ഈ കഥാപാത്രത്തെ ചിത്രീകരിക്കുന്നത്. നോട്ടിംഹാം ഭരിച്ചിരുന്ന അഴിമതിക്കാരനായ ശരീഫിനെയും അദ്ദേഹത്തിന്റെ അടിച്ചമർത്തുന്ന ഭരണരീതിയെയും റോബിൻ ഹുഡ് വെല്ലുവിളിച്ചു. റോബിൻ ഹുഡിന്റെ ധൈര്യം, നർമ്മബോധം, നീതിബോധം എന്നിവ അയാളെ സാധാരണക്കാരുടെ നേതാവാക്കി. റോബിൻ ഹുഡ് പലപ്പോഴും ശരീഫിനെയും സൈന്യത്തെയും കബളിപ്പിക്കുന്നതിനായി ചിത്രീകരിക്കുന്നു. അദ്ദേഹത്തിന്റെ സാഹസികത നിറഞ്ഞ പ്രവർത്തനം, ഹാസ്യം, ഗുണപാഠങ്ങൾ, നീതിയെ ഉയർത്തൽ, സമത്വം എന്നിവ അഴിമതി നിറഞ്ഞ ഭരണത്തിന് എതിരായിരുന്നു.

സാഹസികത നിറഞ്ഞ റോബിൻ ഹുഡിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന്റെ സഹായികളായി പ്രവർത്തിച്ചവരാണ് ലിറ്റിൽ ജോൺ, ഫ്രയർ ടക്ക്, മെയ്ഡ് മറിയം എന്നിവയാണ്. നീതിക്കു വേണ്ടിയുള്ള പോരാട്ടത്തിൽ ഇവർ റോബിൻ ഹുഡിനെ വളരെയധികം സഹായിച്ചു. അവരുടെ ഒളിത്താവളമായിരുന്നു ഷെർവുഡ് വനം. റോബിൻ ഹുഡിനെ പിടികൂടാനായി വന്ന ഷെരിഫിനെയും സംഘത്തെയും വേഷം മാറിവന്ന് പറ്റിക്കുകയും അവരിൽ നിന്ന് പണം ശേഖരിക്കുകയും ചെയ്തു. കഥയിലുടനീളം റോബിൻ ഹുഡിന്റെ നന്മയ്ക്കുവേണ്ടിയുള്ള സമർപ്പണം അദ്ദേഹത്തിന് ധാരാളം അനുയായികളെ ഉണ്ടാക്കി. അയാൾ സ്വാതന്ത്ര്യത്തിന്റെ അടയാളമായി മാറി.




ആർദ്ര ഗണേഷ്
– 9 എ



മാളവിക സുരാജ്
– 9 എ



എ. ഗോപി ചന്ദന
– 9 എ





പ്രകൃതിയുടെ മനോഹാരിത

ഗംഗ അനിൽ
– 9 എ

അരുന്ധതി എസ്
– 9 എ

പ്രകൃതിയുടെ മനോഹാരിത വെറും വാക്കുകളിൽ ഒതുക്കാൻ കഴിയുകയില്ല. പ്രകൃതിയുടെ പുഞ്ചിരിയായി പൂക്കൾ വിടരുന്നു; മിഴിനീരായി മഴ പെയ്യുന്നു. ക്രോധാവസ്ഥയിൽ നെഞ്ചിടപിക്കുന്ന മിന്നലും ഇടിയുടെ അലർച്ചയും! മനുഷ്യജീവിൻപോലെ പ്രകൃതിയുടെ ജീവിതത്തിലും അനവധി ഘട്ടങ്ങളുണ്ട്. അടക്കാനാവാത്ത സന്തോഷം വേനലായി വരുന്നു. വർഷകാലം സന്താപത്തിന്റെ മുദ്രയാകുന്നു. ഹേമന്തകാലത്തിന്റെ നിഹാരത്തുള്ളികൾ പ്രതീക്ഷയുടെ രൂപമായി മഹീതലത്തിലേക്ക് ഇറ്റിറ്റു വീഴുന്നു.

വസന്തകാലം സ്നേഹത്തിന്റെ പ്രതിബിംബമായിത്തീരുന്നു. എന്തൊരു മനോഹരിത! ഒരു പുതിയ തുടക്കത്തിനും അതിനൊരു ഒടുക്കത്തിനുമായി സൂര്യൻ പുഞ്ചിരിയോടെ ഉദിക്കുകയും വീണ്ടും വരുമെന്ന ഉറപ്പോടെ വിടപറഞ്ഞു കൊണ്ടു അസ്തമിക്കുകയും ചെയ്യുന്നു. രാത്രിയുടെ അന്ധകാരത്തിൽ ഒറ്റപ്പെടാതിരിക്കാൻ അമ്പിളിമാമൻ നമുക്ക് വെളിച്ചമാകുന്ന പ്രതീക്ഷ നൽകിക്കൊണ്ട് നമ്മെ കാക്കുന്നു. ഒഴുകുന്ന നദികൾ വെപ്രാളപ്പെട്ട് പാഞ്ഞൊഴുകി മലകളിൽ നിന്ന് വെള്ളച്ചാട്ടമായി ചാടുന്നു. ഈ സന്ദർഭങ്ങൾ നമ്മെ പ്രകൃതിയുടെ സൗന്ദര്യത്തെക്കുറിച്ച് വീണ്ടും ഓർമ്മിപ്പിക്കുകയും പ്രകൃതിയുടെ നമോഹാരിത വെറും വാക്കുകളിൽ ഒതുക്കാൻ കഴിയുകയില്ല എന്ന് അനുസ്മരിപ്പിക്കുകയും ചെയ്യുന്നു.

ലൊനാർ തടാകം



വൈദേഹി മഹേഷ്
– 9 എ

2019 വേനലവധി സമയത്താണ് ഞാനും എന്റെ കുടുംബവും കൂടി മഹാരാഷ്ട്രയിലേക്ക് യാത്ര പോയത്. മഹാരാഷ്ട്രയിൽ വിവിധ കാഴ്ചകൾ കാണാനുണ്ടെങ്കിലും എന്റെ മനസ്സിൽ മായാതെ നിൽക്കുന്നത് മഹാരാഷ്ട്രയിലെ ബുൽധാന ജില്ലയിലെ ലൊനാർ തടാകമാണ്. ലൊനാർ ഗർത്തം എന്നും ഇത് അറിയപ്പെടുന്നു.

ഈ തടാകം കണ്ടപ്പോൾ എനിക്ക് അതിനെക്കുറിച്ച് കൂടുതൽ അറിയാൻ ആകാംക്ഷയായി. ഇതിനെ തടാകം എന്നു വിളിക്കുന്നുണ്ടെങ്കിലും അത് പ്രകൃതിദത്ത തടാകമല്ല മറിച്ച് പുറം ചുറ്റളവ് 8 കിലോമീറ്ററും അകം ചുറ്റളവ് 4.8 കിലോമീറ്ററും 150 മീറ്റർ താഴ്ചയുമുള്ള ഗർത്തമാണ്.

പുരാതനകാലത്ത് ഒരു ഛിന്നഗ്രഹം പതിച്ചാണ് ഇത് രൂപം കൊണ്ടത്. തടാകത്തിൽ ഉപ്പു കലർന്ന വെള്ളമാണ്. കൃഷ്ണശിലയിൽ തീർക്കപ്പെട്ടിരിക്കുന്നതും ഉപ്പുവെള്ളം നിറഞ്ഞതുമായ ലോകത്തെ ഒരേയൊരു തടാകമാണിത്. ചരിത്രാതീത കാലത്ത് ഒരു കൂറ്റൻ ഉൽക്ക വന്ന പതിച്ചതിനെ തുടർന്നുണ്ടായ ഗുഹാമുഖമാണ് ലൊനാൻ. 52,000 വർഷങ്ങൾക്കു മുമ്പാണിത് സംഭവിച്ചത്. കാലങ്ങൾ കഴിഞ്ഞതോടെ ഈ ഗുഹാമുഖം ഒരു തടാകമായി രൂപാന്തരപ്പെട്ടു.

ഹലോർക്ക്യ എന്ന സൂക്ഷ്മ ജീവിയുടെ സാന്നിധ്യം ഉള്ളതു കൊണ്ടാണ് ഈ വെള്ളത്തിന് ചില സമയങ്ങളിൽ പിങ്ക് നിറം വരുന്നത്. യുറേനിയത്തിന്റെയും സാന്നിധ്യം ഈ തടാകത്തിലുണ്ട്.

കനത്ത കാടിനാൽ ചുറ്റപ്പെട്ടു കിടക്കുകയാണ് ഈ തടാകം. ഈ കാടുകളിൽ നിരവധി പക്ഷിമൃഗാദികളെ കാണാം. ഞങ്ങൾ ഈ തടാകവും ഇതിന്റെ പരിസരത്തു സ്ഥിതി ചെയ്യുന്ന കരിങ്കല്ലിൽ കൊത്തു പണിചെയ്ത കുറേ ക്ഷേത്രങ്ങളും കണ്ട് അടുത്ത സ്ഥലമായ അജന്തയിലേക്ക് യാത്ര തിരിച്ചു.



വാഗമണ്ണിലേക്ക് ഒരു വിനോദയാത്ര



കാർത്തിക എസ്.
– 9 ബി

കുറെനാളുകൾക്കു ശേഷം മുംബയിൽനിന്ന് മാമനും കുടുംബവും വന്നപ്പോൾ ഞങ്ങളെല്ലാവരും കൂടി എവിടേക്കെങ്കിലും ഒരു യാത്ര പോകുവാൻ തീരുമാനിച്ചു. എല്ലാവരും കൂടി വാഗമൺ തിരഞ്ഞെടുത്തു. അങ്ങനെ മുന്നു ദിവസം വാഗമൺ കറങ്ങാൻ ഞങ്ങൾ റെഡിയായി. രാവിലെ എട്ടു മണിയ്ക്ക് ഞങ്ങൾ യാത്ര തുടങ്ങി. പ്രകൃതി മനോഹരമായ കുന്നുകളും മലകളും വനങ്ങളും, വെള്ളച്ചാട്ടങ്ങളും നിറഞ്ഞ ഒരു സ്ഥലം തന്നെയാണ് വാഗമൺ.

യാത്രക്കിടയിൽ പല സ്ഥലങ്ങളിലും ഞങ്ങൾ ഇറങ്ങി. ഫോട്ടോകൾ എടുത്തും കളിച്ചും ചിരിച്ചും സമയം പോയതറിഞ്ഞില്ല. ആദ്യം തന്നെ ഒരുപാട് പടികൾ കയറി ഞങ്ങൾ ഒരു മലമുകളിലെത്തി. മലയുടെ മുകളിൽ നിന്ന് നാലു ഭാഗത്തും നോക്കിയപ്പോൾ കണ്ട കാഴ്ചകൾ ഒന്നും വിവരിക്കാനാവില്ല. ഞങ്ങൾ കയറിയ മലയുടെ അടുത്തുതന്നെ വേറെ ഒരു വലിയ മല കണ്ടു. പക്ഷെ, ആരേയും അവടെ കയറാൻ അനുവദിക്കുന്നില്ല. അവിടെ പോയിട്ടുള്ള ആളുകൾക്ക് അപകടം പറ്റിയിട്ടുണ്ടെന്നാണ് പറയുന്നത്. ഞങ്ങൾ കയറിയ സ്ഥലത്ത് കുറെ സമയം കഴിച്ചുകൂട്ടി. തണുത്ത കാറ്റേറ്റപ്പോൾ കണ്ണുകൾ താനെ അടഞ്ഞുപോയി. കുറച്ചു സമയം കഴിഞ്ഞ് ഞങ്ങൾ മെല്ലെ താഴേക്ക് ഇറങ്ങി പിന്നീട് 'വാഗമൺ പൈൻ ഫോറസ്റ്റ്' എന്നറിയപ്പെടുന്ന സ്ഥലത്ത് മരങ്ങൾക്കിടയിലൂടെ നടക്കാൻ നല്ല രസമായിരുന്നു.

പിറ്റേന്ന് ഓർക്കിഡ് ഗാർഡൻ, അഡ് വെഞ്ചർ പാർക്ക്, ഗ്ലാസ് ബ്രിഡ്ജ്, മൊട്ടക്കുന്ന് തുടങ്ങി എല്ലായിടത്തും ഓടി നടന്നു. യാത്രയൊക്കെ അവസാനിപ്പിച്ച് തിരിച്ചു പോകുന്നതിനുമുമ്പ് 'മർമല വെള്ളച്ചാട്ടം' കാണാൻ പോയി. പ്രകൃതി നമുക്ക് ഒരുക്കി വെച്ച സൗന്ദര്യം! ഞങ്ങളിൽ ചിലരൊക്കെ കുളിക്കുകയും ചെയ്തു. എത്ര കണ്ടാലും മതി വരാത്ത തേയിലത്തോട്ടങ്ങളിലൂടെ കുറെ നടന്നു. എല്ലാ കൊണ്ടും മറക്കാനാവാത്തൊരു യാത്ര തന്നെയായിരുന്നു 'വാഗമൺ യാത്ര'. മാമനും കുടുംബവും മുംബയിലേക്ക് തിരിച്ചു പോകുമ്പോൾ ഞങ്ങളോട് പറഞ്ഞത് 'പറ്റുമെങ്കിൽ അടുത്തതവണ വരുമ്പോഴും വാഗമൺ പോകണമെന്നാണ്.



സ്ത്രീസുരക്ഷയും സ്ത്രീശാക്തീകരണവും

ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ പരസ്പര പൂരകങ്ങളായ സാമൂഹികമാനങ്ങളാണ് സ്ത്രീ സുരക്ഷയും സ്ത്രീശാക്തീകരണവും. ശാക്തീകരണത്തിന്റെ അനിവാര്യ ഘടകങ്ങളായ തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം വിഭവവിനിയോഗത്തിനുള്ള സ്വാതന്ത്ര്യം, വീട്ടിലും സമൂഹത്തിലും സ്വന്തം ജീവിതത്തെ നിയന്ത്രിക്കാനുള്ള അധികാരം, സ്വന്തം ജീവിതത്തെ നിയന്ത്രിക്കാനുള്ള അധികാരം, സ്വന്തം മൂല്യത്തിനു മേലുള്ള ആത്മാഭിമാനം തുടങ്ങിയവ അവയുടെ അഭാവത്തിൽ സ്ത്രീ സുരക്ഷയ്ക്കു ഭീഷണിയാകുന്ന ഘടകങ്ങളായി മാറുന്നു.

വ്യക്തിഗതമായ ഉത്തരവാദിത്തങ്ങൾക്കുപരി സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ സമൂഹത്തിനും ഗവണ്മെന്റിനും കുടുംബത്തിനും നിർണ്ണായകമായ പങ്കാണുള്ളത്. വിദ്യാഭ്യാസം, നിയമസുരക്ഷ, പരിശീലനം, അവബോധം, ലിംഗ സമത്വം ഉറപ്പാക്കുന്ന ഗാർഹിക അന്തരീക്ഷങ്ങളും പൊതുഇടങ്ങളും, സാമ്പത്തിക സ്വാതന്ത്ര്യം, സുരക്ഷിതത്വം എന്നിങ്ങനെ സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്ന ഒട്ടേറെ ഘടകങ്ങൾ നിയമസാധുതയോടെ നിലവിൽ വിന്നിട്ടും സാംസ്കാരികവും സാമൂഹികവുമായ കാരണങ്ങളുടെ അതിപ്രസരത്താൽ അവയൊക്കെ അപ്രായോഗികമായി തുടരുന്ന ഒരു സാഹചര്യമാണ് ഇന്നും നിലവിലുള്ളത്.

ഉപരിപ്ലവമായി കാണപ്പെടുന്ന സമത്വത്തിലാണ് ശാക്തീകരിക്കപ്പെട്ടവരെന്നു കരുതപ്പെടുന്ന പലരുടെയും യഥാർത്ഥജീവിതം സമരസപ്പെടാനാവാത്ത ദാമ്പത്യവും പൊടുത്തക്കേടുകളിൽ ഹോമിക്കപ്പെടുന്ന കുടുംബബന്ധങ്ങളും മഹാഭൂരിപക്ഷം വരുന്ന സ്ത്രീ ജീവിതങ്ങളുടെ യഥാർത്ഥ മുഖമായി തുടരുന്ന അവസ്ഥയാണ് ഇന്നു ഇന്ത്യയിലുള്ളത്. ഇത് ലോകത്തിന്റെ മറ്റു പല പ്രദേശങ്ങളിലും ഏറെക്കുറെ അങ്ങനെതന്നെയാണ്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ മികവിനോ സാമ്പത്തികമുന്നേറ്റങ്ങൾക്കോ മാറ്റിമാറിക്കാൻ കഴിയാതെ പോയ ഒരു സാംസ്ക്കാരികമൂല്യച്യുതി തന്നെയാണ് സ്ത്രീകൾക്ക് നേരിടേണ്ടിവരുന്നദുരനുഭവങ്ങൾ. പൂർണ്ണമായ അർത്ഥത്തിൽ പുരുഷനു സമമായ സമൂഹികസമത്വം കൈവരാത്തതു കൊണ്ടുതന്നയാണ് അടിച്ചേൽപ്പിക്കപ്പെടുന്ന അധികാരത്തിനും ദുരുപയോഗം ചെയ്യുന്ന സുരക്ഷയ്ക്കും സ്ത്രീ വിധേയായിക്കൊണ്ടിരിക്കുന്നത്.

നിയമത്തിനോ ഭരണഘടനയ്ക്കു പോലുമോ ഉറപ്പു വരുത്താനാവാത്തതും എന്നാൽ നാനാവിധമായ ശ്രമങ്ങളിലൂടെ നിരന്തരം സ്ത്രീ സമൂഹം കൈവരിക്കാൻ ആഗ്രഹിക്കുന്നതുമായ രണ്ടു മേഖലകളാണ് സ്ത്രീ സുരക്ഷയും സ്ത്രീശാക്തീകരണവും.

പൗർണ്ണമി സതീഷ്
–11 സി



ഭ്രമകല്പന



രാത്രി പന്ത്രുമണി അതിതീവ്രമഴ. അടുത്ത ദിവസം അവധിയാണെന്നറിഞ്ഞ് പാതിരാവോളം ഉറക്കമിളച്ച് ലോകകപ്പ് ക്രിക്കറ്റ് കണ്ടുകൊണ്ടിരിക്കുന്ന മനു. പതിനൊന്നാം ക്ലാസ് വിദ്യാർത്ഥിയായ മനുവിന് ക്രിക്കറ്റിൽ വലിയ കമ്പമാണ്.

അന്നു രാത്രി ഇന്ത്യ-പാക് മത്സരമാണ് നടക്കുന്നത്. അവസാനപന്തിൽ 6 റൺസ് നേടിയാൽ വിജയം സുനിശ്ചിതം. എല്ലാവരും 'ഹിറ്റ്മാൻ' എന്നു വിശേഷിപ്പിച്ച രോഹിത് ശർമ്മ ബാറ്റിങ് പിച്ചിൽ... അക്ഷർ പന്തെറിഞ്ഞു. ചീറിപ്പാഞ്ഞു വന്ന ബോൾ രോഹിത്തിന്റെ ശക്തമായ അടിയേറ്റ് സ്റ്റേഡിയത്തിനു മുകളിലൂടെ പറന്നുയർന്നു. ആരവമുയർന്നു. മനു ആഹ്ളാദത്തോടെ ആർത്തു വിളിച്ചു.

ഇന്ത്യ ജയിച്ചതിന്റെ ആഹ്ലാദാരവങ്ങൾ അവന്റെ ഹൃദയത്തിൽക അലതല്ലി. അല്പസമയം കഴിഞ്ഞപ്പോൾ എന്തോ ശബ്ദം കേട്ട് അവൻ വീടിന്റെ പിന്നാമ്പുറത്തുള്ള വാഴത്തോട്ടത്തിലേയ്ക്കിറങ്ങി.

ആ രൂപത്തിന് കാലുകൾ ഇല്ലായിരുന്നു!! കണ്ടിട്ട് ഏകദേശം പതിനഞ്ചോ പതിനാറോ വയസ്സു തോന്നിക്കുന്ന ഒരു പെൺകുട്ടി. അവളുടെ കണ്ണുകൾ ചുവന്നു തുടത്തിരുന്നു. അവൾ നിശ്ശബ്ദമായി എന്തോ മൊഴിയുന്നതുപോലെ അവനു തോന്നി. പെട്ടന്നവൻ തലകറങ്ങി വീണു. ആരോ തന്നെ തഴുകുന്നതുപോലെ അവനു തോന്നി അവൻ കണ്ണുകൾ പൂട്ടിവെച്ചു.



ജീവൻ രഘുരാം
– 11 ബി

തൊട്ടടുത്ത പുലരിയിലെ സൂര്യകിരണങ്ങളുടെ സ്പർശനമേറ്റ് അവൻ കണ്ണുമിഴിച്ചു. അവൻ തന്റെ ഉടുപ്പിൽ നോക്കി. കടുത്ത രക്തക്കറ. അവൻ അലറിവിളിച്ചു കൊണ്ട് വീട്ടിനുള്ളിലേക്കോടി.

അമ്മ പരിഭ്രമത്തോടെ അവനോടു ചോദിച്ചു. 'എന്താടാ? എന്തുപറ്റി?' 'അമ്മേ, ഇതുകണ്ടോ? 'ചോരക്കറ'- 'നിനക്കെന്താ ഭ്രാന്തുണ്ടോ? ഇത് കൽപ്പൊടി പുരണ്ടതല്ലേ? അല്ല... നീയെങ്ങനെ വാഴത്തോട്ടത്തിലെത്തി? ഇന്നലെ രാത്രി അവിടെയാണോ കിടന്നുറങ്ങിയത്?'

അമ്മയുടെ ചോദ്യത്തിനുത്തരം പറയാതെ അന്തംവിട്ടു നിന്ന അവന്റെ മനസ്സിൽ സംശയം ബാക്കിയായി. അപ്പോൾ... ഇന്നലെ തനിക്കുണ്ടായ അനുഭവം....? ചിലതങ്ങനെയാണ് ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ.

കേരളപ്പിറവി ദിനാഘോഷം റിപ്പോർട്ട് - 2024

കൊച്ചിൻ റിഫൈനറീസ് സ്കൂൾ മലയാളവിഭാഗത്തിന്റെ അഭിമുഖ്യത്തിൽ ഈ വർഷത്തെ കേരളപ്പിറവി ദിനാഘോഷം 2024 നവംബർ 1-ന് സമുചിതമായി ആഘോഷിച്ചു. ഈശ്വര പ്രാർത്ഥനയോടുകൂടി ആരംഭിച്ച പരിപാടി പ്രിൻസിപ്പാൾ, വൈസ് പ്രിൻസിപ്പാൾ, പ്രൈമറി എച്ച്. ഒ. ഡി., മലയാളം അദ്ധ്യാപകർ എന്നിവർ ചേർന്ന് വിളക്കിൽ തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്തു. സ്കൂൾ വിദ്യാർത്ഥി പ്രതിനിധി ലീഷ്മ സുധീഷ് ഭാഷ പ്രതിജ്ഞ ചൊല്ലിക്കൊടുത്ത തുടർന്ന് ഏഴാം തരത്തിലെ ക്ഷേത്ര പി. ചിറ്റേത്ത് കേരളപ്പിറവി ദിനത്തിന്റെ പ്രധാന്യത്തെ കുറിച്ച് സംസാരിച്ചു. ശേഷം കേരളമണ്ണിന്റെ കലാ-കാവ്യസമ്പന്നത വ്യക്തമാക്കുന്ന പരിപാടികൾ അരങ്ങേറി. പ്രൈമറി വിഭാഗം കുട്ടികൾ അവതരിപ്പിച്ച ശ്രീ. ഇടശ്ശേരി ഗോവന്ദൻ നായരുടെ 'പൂതപ്പാട്ട്' എന്ന കൃതിയുടെ ആശയാവിഷ്ക്കാരം ആസ്വാദക മനം കവർന്നു. സ്ത്രീത്വത്തിന്റെ വ്യത്യസ്ത ഭാവങ്ങൾ ആവിഷ്ക്കരിച്ചു കൊണ്ട് 'ശിവകാമി', 'ആനക്കൊമ്പൻ' എന്നീ കവിതകൾ അവതരിപ്പിച്ചത് ഏവരുടെയും ശ്രദ്ധ പിടിച്ചു പറ്റി.... ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ 'കാവ്യനർത്തകി' എന്ന കവിതയുടെ നൃത്താവിഷ്ക്കാരവും ഏവരുടെയും പ്രശംസയ്ക്ക് പാത്രമായി... കേരളത്തിന്റെ തനത് ലാസ്യകാലാരൂപമായ മോഹിനിയാട്ടം വേദിയിൽ അവതരിപ്പിച്ചത് വേറിട്ട അനുഭവമായി. വിദ്യാർത്ഥി പ്രതിനിധി അഭിരാം കെ. എ. കൃതജ്ഞത പറഞ്ഞു. വിദ്യാലയ ഗീതത്തോടുകൂടി പരിപാടികൾക്ക് തിരശ്ശീല വീണു.



സ്വപ്നങ്ങൾ നിറച്ച ഭിക്ഷാപാത്രം



നിഹാൽ എലിസ
– 12 ബി

രാവിലെ കണ്ണുതുറന്ന് ഉറക്കത്തിന്റെ ആലസ്യത്തോടു കൂടി അല്പനേരം കൂടി ചുരുണ്ടുകൂടി കിടന്നപ്പോൾ പെട്ടന്നോർത്തത്, ഇന്ന് ഇൻസ്പെക്ഷനുള്ള ദിവസമാണ്. നേരത്തെ ഓഫീസിലെത്തണം. ഈ ചിന്ത ഉള്ളിലുദിച്ചപ്പോൾതന്നെ ഞെട്ടിപ്പിടഞ്ഞെണീറ്റു. പ്രഭാതകർമ്മങ്ങൾ നിർവ്വഹിച്ചതിനുശേഷം പ്രാതൽ കഴിച്ചു എന്നു വരുത്തി മെട്രോ സ്റ്റേഷനെ ലക്ഷ്യമാക്കി നടന്നു. സീസൺ ടിക്കറ്റ് എടുത്തതിനാൽ ക്യൂ നിന്നു സമയം കളയേതില്ല. തിരക്കു പിടിച്ച യാത്ര ഇപ്പോൾ തികച്ചും പരിചിതമായിരിക്കുന്നു.

സ്റ്റേഷനുപുറത്തെത്തിഓഫീസിലേക്കുകുതിക്കുമ്പോൾ കണ്ട കാഴ്ച മനസ്സിൽ ഒരു നൊമ്പരത്തിന്റെ വിത്തുപാകി. സ്വന്തം വയറു നിറയ്ക്കുവാനും ഒക്കത്തിരുന്നു ശാഠ്യം പിടിക്കുന്ന കുഞ്ഞനുജന്റെ വിശപ്പു മാറ്റാനുമായി വഴിപോക്കരുടെ മുന്നിൽ ഭിക്ഷാപാത്രവുമായി ഒരു കൊച്ചു പെൺകുട്ടി. ബാല്യത്തിന്റെ മധുരം നുണയുന്നതിൽ നിന്നും വിലക്കപ്പെട്ട്, ജീവിതത്തിന്റെ കയ്പേറിയ കഷായം കുടിച്ചിറക്കുന്നു അവളുടെ കണ്ണുകളിൽ ഒരു ചെറുപുഞ്ചിരിയുടെ മിന്നാട്ടം ഞാൻ കണ്ടു. അവളോടു ചോദിക്കാൻ എന്റെയുള്ളിൽ ഒട്ടനവധി ചോദ്യങ്ങൾ ഉയർന്നുവെങ്കിലും ഞാൻ നിശ്ശബ്ദയായി അവൾ നീട്ടിയ ഭിക്ഷാപാത്രത്തിൽ ഏതാനും ചില്ലറത്തുട്ടുകളിട്ട് എല്ലാവരെയും പോലെ നടന്നകന്നു.

എന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരം എന്റെ മനസ്സു നൽകി. 'എല്ലാം വിധി'. ഇനി കണ്ടുമുട്ടുമ്പോൾ അവളോടെല്ലാം വിശദമാക്കി ചോദിച്ചു മനസ്സിലാക്കണമെന്നും അവളുടെ ദുർവ്വിധിക്ക് ഒരു പരിഹാരം കണ്ടെത്തണമെന്നും തീരുമാനിച്ചാണ് ഞാൻ ഓഫീസിന്റെ പടികൾ ഓടിക്കയറിയത്.

പക്ഷേ, ഓഫീസിലെ ജോലിത്തിരക്കുകൾക്കിടയിൽ ഞാനെല്ലാം മറന്നു. അങ്ങനെ ആ ദിവസത്തെ അനേകം കാഴ്ചകൾക്കിടയിൽ വെറുമൊരു കാഴ്ചയായി അവൾ മറഞ്ഞു.

ജനാധിപത്യം – വാക്കും പൊരുളും



പാർവ്വതി എം. നായർ
– 11 ബി

ഇന്ത്യ ഒരു ജനാധിപത്യരാജ്യമാണ്. ഇന്ത്യയിലെ ഓരോ പൗരനും തങ്ങളുടെ നേതാവിനെ തെരഞ്ഞെടുക്കാൻ അവകാശമുണ്ട്. എന്നാൽ ഇന്ന് ആ തെരഞ്ഞെടുപ്പ് വിവേകപൂർവ്വം നിർവ്വഹിക്കേതിന്റെആവശ്യകതഏറെ പ്രസക്തമാകുന്നു.

ഒരു രാജ്യത്തിന്റെ ഉന്നമനം അതിന്റെ ജനതയെ ആശ്രയിച്ചിരിക്കും. ദാരിദ്ര്യമോചനമാണ് ഇന്ത്യ കാണുന്ന സ്വപ്നം. അതിനായി പലവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട്. എന്നാൽ ഈ പദ്ധതികൾ ഫലപ്രദമായി നടപ്പിൽ വരുത്താൻ ഏറെ തടസ്സങ്ങൾ ബാക്കി നിൽക്കുന്നു.

സാധാരണക്കാരന്റെ ഊന്നുവടിയാണ് സർക്കാർ വിതരണം ചെയ്യുന്ന റേഷൻ വിഭവങ്ങൾ. എന്നാൽ ഇന്ന് അവ അർഹമായ കൈകളിലെത്തുന്നുണ്ടോ എന്ന കാര്യം സംശയമാണ്. അഴിമതിയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും പലമേഖലകളിലും നടമാടുന്നതിനാൽ സാധാരണ ജനങ്ങൾക്ക് പലയിടത്തും നീതി നിഷേധിക്കപ്പെടുന്നു.

ഒരു രാജ്യത്തിന്റെ പുരോഗതിക്ക് ഏറ്റവും നിർണ്ണായകമായ ഘടകമാണ് യുവശക്തി. യുവജനങ്ങൾ തങ്ങളുടെ പൂർണ്ണശക്തി രാജ്യത്തിനു വേണ്ടി ചെലവഴിക്കുമ്പോൾ ആ രാജ്യത്തിന് ക്രമേണ അഭിവൃദ്ധിയുണ്ടാകുന്നു. എന്നാൽ 'തൊഴിലില്ലായ്മ'യെ പൂർണ്ണമായും തുടച്ചു നീക്കാനും നമുക്കു കഴിയുന്നില്ല എന്ന വസ്തുത തികച്ചും ഖേദകരമാണ്. തൊഴിൽ രംഗങ്ങളിലെ 'പിൻവാതിൽ നിയമനം' മൂലം അർഹരായ യുവജനങ്ങൾ പലപ്പോഴും പിന്തള്ളപ്പെട്ടു പോകുന്നു. പണവും സ്വാധീനവും ഉപയോഗിച്ച് നേടുന്ന സ്ഥാനമാനങ്ങൾ ശക്തമായ ഭരണസംവിധാനം സൃഷ്ടിക്കുന്നത് വിഘാതമാകുന്നു.

മഹാബലിമന്നൻ സ്വപ്നം കണ്ട, സമത്വസുന്ദരമായ നാട് ഇന്നും ഒരു സ്വപ്നം മാത്രമാണ്. കാപട്യവും വഞ്ചനയും നടമാടുന്ന രാഷ്ട്രീയരംഗം, സംഘടനാബലം വർദ്ധിപ്പിക്കുന്നതിൽ കാണിക്കുന്ന താല്പര്യം രാഷ്ട്രപുരോഗതിയുടെ കാര്യത്തിൽക്കൂടി പ്രകടമാക്കേതാണ് തിരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ പലതും കാറ്റിൽ പറത്തുന്നത് ജനാധിപത്യത്തിൽതന്നെ വിശ്വാസം നഷ്ഠപ്പെടാൻ ഇടയാക്കും.

രാജ്യപുരോഗതിക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്ന സർക്കാർ അത് അർഹമായ കൈകളിലെത്തുന്നുണ്ടോ എന്നു നിരീക്ഷിക്കുവാൻ ബാധ്യസ്ഥമാണ്. ലോകത്തിന് മുന്നിൽ തലയെടുപ്പോടെ നിൽക്കാൻ ഒരു രാജ്യത്തിനു സാധിക്കണമെങ്കിൽ ആ രാജ്യത്തെ ജനത ഒത്തൊരുമിച്ചു പ്രയത്നിക്കണം അതിന് നീതിനിഷ്ഠവും സുഘടിതമായ ഒരു വ്യവസ്ഥിതി രൂപപ്പെടുത്തേതുണ്ട്. ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ജനങ്ങളെ ഭരിക്കുന്നതാണ് ജനാധിപത്യമെന്ന് എബ്രഹാം ലിങ്കൺ അടിവരയിട്ടു പറയുന്നു. അത്തരമൊരു വ്യവസ്ഥിതി രൂപവല്ക്കരിക്കുവാൻ സംതൃപ്തരും മൂല്യാധിഷ്ഠിത ചിന്താഗതി പുലർത്തുന്നവരുമായ ഒരു ജനതയെയാണ് നമുക്കാവശ്യം. അത്തരമൊരു സമൂഹം സൃഷ്ടിക്കേത് നേതൃനിരയുടെ ചുമതലയാണ്.

Hindi Section

Neha Jithin Chand (IX A)

Gauathri B. Nair (IX B)

हिंदी विभाग



Adya K. Suresh (8A)







शालिनी बेहरा
7 A

जादुई खिलौना

राधा नाम की एक लड़की थी। वह इंदौर गांव में रहती थी। एक दिन राधा की माँ रोहिणी ने उसे कुछ खाने का सामान लेकर आने के लिए कहा, तब राधा दुकान जाने के लिए तैयार हो गई। दुकान तक पैदल चलने का डर था। वह अपनी चप्पल पहन कर बाहर निकली। रास्ते में उसे एक परी का खिलौना दिखाई दिया। वह खिलौना राधा को बहुत अच्छी लगी। परंतु इस खिलौने का पहला अधिकार तो किसी और का है। अपने साथ यह खिलौना लेकर जाती तो वह चोरी होगी इसलिए राधा थोड़ी देर तक प्रतीक्षा की। लेकिन कई देर तक उस खिलौने को लेने के लिए कोई नहीं आए। राधा खुश होकर वह खिलौना अपनी थैला में डाल थी। सामान खरीद कर राधा घर लौट आई । वह अपनी माँ को खिलौने की बात नहीं बताई। राधा उस खिलौने को अच्छी तरह से साफ करके अपने कमरे में रख दी। तब राधा की सहेली सीता ने खेलने के लिए उसे बुलाई और बोली, राधा चलो खेलेंगे, तो राधा ने कहा- मुझे गृह कार्य करना है। तुम चली जाओ। सहेली ने पूछा कौन से गृह कार्य के बारे में तुम बता रहे हो? राधा बोली, आज गणित में 10 प्रश्र अभ्यास करनी है, मैं कई मेहनत से पाँच तो पूरी कर चुकी हूं और पाँच अभी भी बाकी है। तुम जाओ मुझे वह करने दो। सहेली के चले जाने के बाद राधा अपने कमरे में पहुँची। वह गणित के प्रश्नों को लेकर थोड़ी परेशान थी। तब खिलौने से एक प्रकाश आने लगी और पुस्तक से भी प्रकाश आने लगी। कुछ देर बाद प्रकाश रुक गया यह सब देखकर राधा आश्चर्य चकित हुई। वह जल्दीसे पुस्तक खुली, वह रहा- सारा गृह कार्य पूरा हो चुका है। वह भी राधा की लिखावट में। तब राधा समझ गई कि यह साधारण खिलौना नहीं है, यह है जादुई खिलौना जो राधा के मन की इच्छा को पहचान कर वह पूरा करके रखा है। राधा ने यह बात अपने परिवार को बताईं। वे सब अश्चर्यचकित और खुश हो गए।






माँ



शालिनी बेहरा
7 A

मेरी माँ मुझे खिलाती है प्यार से
मेरी माँ मुझे सुलाती है प्यार से
मैं हूँ उनको प्यारी
माँ देती है मुझे प्यार बहुत सारा
उनकी सारी मेहनत मेरे लिए
मेरे खुशियों के लिए
मुझे चोट लगी तो माँ दुखी हो जाएगी
मुझे खुशी मिली तो माँ खुश हो जाएगी
मेरी सारी इच्छा सच करेगी माँ
मेरी सारी दुख दूर करेगी माँ
मेरी माँ बहुत अच्छी है
मेरी माँ बहुत प्यारी है
मैं माँ को सदा खुश रखूँगी
उन्हें दुखी नहीं होने दूँगी
मुझे मिली है प्यारी माँ
भगवान का आशिर्वाद है माँ

पुस्तक मेरा दोस्त



पुस्तक को हमें हमारी दोस्त बनाना चाहिए। पुस्तकों में बहुत ज्ञान रहती है। उस ज्ञान को हम पढ़कर ही प्राप्त कर सकते है। आप अपनी रुची के अनुसार पुस्तक पढ़ सकते है। पुस्तक पढ़ने में कोई शार्त नहीं है। पुस्तक पढ़ते वक्त हमें कई तरह के नए शब्दों से मुलाकात होती है और हम उन शब्दों के अर्थ जानने के लिए उत्सुक हो उठते है। इस तरह हम हमारे ज्ञान का प्रकाश को बढ़ा सकते है। हर रोज़ रात सोने से पहले आप किसी भी पुस्तक के कुछ पन्ने पढ़ भी सकते है। यह गहरी नीदं के लिए भी अच्छा है। ऐसी नींद हमारे तन और मन को स्वस्थ रखती है। पुस्तकों की विधाएँ तो अलग-अलग है। जिन्दगी में जो समस्याएँ है उन सबका जवाब हमें पुस्तक देते है। पुस्तक ज्ञान का भंडार है। यह सच्चा दोस्त भी है। पुस्तक पढ़ने से हमें ज्ञान मात्र नहीं बल्कि शब्द भंडार भी मिलते है। पुस्तक हमें सही रास्ता दिखाता है, पुस्तक सच्चा साथी है वह हमें बातचीत करने की तरीका भी बताते है। मानसिक शक्ति भी देती है। पुस्तकों से दोस्ती करोगे तो हम कभी भी अकेला नहीं हो जाओगे। एक साथी, मार्गदर्शक के रूप में पुस्तक ज़िन्दगी भर साथ देंगे।



शालिनी बेहरा
7 A



मैं छोटी बनकर रहना चाहती हूँ।



लक्ष्मी पि. नायर
10 B



छोटे बच्चे वहाँ खेल रहे है
उनके मन में नहीं कोई चिंता
अब तो मैं बड़ी हो गई किंतु
मैं छोटी बनकर रहना चाहती हूँ
बड़ी औरत बन गई
ज़िम्मेदारियाँ है कई
कर्तव्यों से मुक्त, बचपन के पल मुझे अत्यंत प्रिय है
उसी वक्त की ओर मैं वापस जाना चाहती हूँ
मैं छोटी बनकर रहना चाहती हूँ
परिवार तो है अब मेरा
चयन की साँस लेने के लिए समय अब कहाँ
बच्ची थी तब घंटों का समय था मेरे पास
इसलिए तो अब भी
मैं छोटी बनकर रहना चाहती हूँ
मेरी माँ तो मेरी सबकुछ थी
मैं भी उनकी दुलारी
लेकिन अब तो बड़ी हो गई है
इसलिए माँ भी चली गई।
उनके साथ फिर एक बार वक्त बिताना चाहती हूँ
इसलिए तो, मैं छोटी बनकर रहना चाहती हूँ
वक्त तो चला ही जा रहा है
अब पीछे नहीं जाएगा
किंतु मन तो अब भी करता है कि
बच्ची ही बनकर रह जाऊँ
मैं छोटी बनकर रहना चाहती हूँ

बचपन का वह दिन





लक्ष्मी पी नायर
10 B

